A Hand Book of High School Civics

ISLAM HIGH SCHOOL
1345
ERNAKULAM

VOL. II.

For

FORM V

120

The Bharat Stores,
BOOK SELLERS & PUBLISHERS
ERNAKULAM.

By

K. E. Job M. A., L. T.

Changanacherry.

A Hand Book of High School Civics.

NIRUL ISLAM HIGH SCHOOL
1345
ERNAK

VOL. II.

പൌരധർമ്മപ്രകാശിക.

Specially prepared to suit the Syllabus of 1949—50.

For

FORM V.

By

കെ. ഇ. ജോബ്, എം. എ., എൽ. ൦൦ി.

ചങ്ങനാശ്ശേരി.

[*Price As. 6.*

Printed at
The St. Joseph's Printing House,
Tiruvalla—1949.

Date
ERNAK

പൗരധർമ്മ പ്രകാശിക.

രണ്ടാം വാല്യം.

ആമുഖം.

പൌരധർമ്മപ്രകാശിക ഞാം വാല്യത്തിൽ കുടും ബം, ഗ്രാമം, നഗരം, രാഷ്ട്രം എന്നിങ്ങനെയുള്ള സാമൂ ഹായിക സംഘടനകളെപ്പറ്റി നാം പഠനം നടത്തി. രാ ഷ്ട്രത്തിൽ മൂന്നു വിഭാഗങ്ങളുണ്ടെന്നും, അവയഥാക്രമം, നിയമനിർമ്മാണ വിഭാഗം, എക്സിക്യൂട്ടിവു വിഭാഗം, നീതി ന്യായവിഭാഗം എന്നിവയാണെന്നും നാം മനസ്സിലാക്കി. രാഷ്ട്രങ്ങളും സേച്ഛാധിപത്യപരമോ ജനകീയമോ ആകാമെന്നും നാം പ്രസ്താവിച്ചുകഴിഞ്ഞു. ഈ ഗ്രന്ഥ ത്തിൽ നാം തുടർന്നു പഠിക്കുവാനുദ്ദേശിക്കുന്നതു്, രാ ഷ്ട്രീയകാര്യങ്ങളിൽ പൗരന്മാർ ഏതെല്ലാം വിധത്തിൽ സഹകരിക്കണമെന്നുള്ള വിഷയത്തെപ്പറ്റിയാണു്.

ആധുനികകാലത്തു് പൌരന്മാർ രാഷ്ട്രീയകാര്യ ങ്ങളിൽ സഹകരിക്കേണ്ടതു്, പ്രധാനമായി ജനപ്രതിനി ധിസഭകളം വഴിയത്രേ. എല്ലാ ജനകീയ രാഷ്ട്രങ്ങളി ലും ഓരോ ജനപ്രതിനിധിസഭകളുണ്ടു്. ഇംഗ്ലണ്ടിലെ പാർല്യമെൻറും, അമേരിക്കൻ ഐക്യനാട്ടിലെ കോൺ ഗ്രസും, ഇതുപോലെയുള്ള ജനപ്രതിനിധി സഭകളാണു്. അങ്ങനെയുള്ള ജനപ്രതിനിധിസഭകളം മൂലമാണു്, എല്ലാ ജനകീയ രാജ്യങ്ങളിലും പുതിയ പുതിയ രാജ്യനിയമങ്ങളു ണ്ടാകുന്നതു്. സേച്ഛാധികാര രാജ്യങ്ങളം ഇപ്പോൾ എണ്ണത്തിൽ ചുരുങ്ങും. അവ നിലവിലിരിക്കുന്ന സ്ഥല ങ്ങളിൽ നിയമങ്ങളുണ്ടാകുന്നതു്, വിഭാഗാന്മാരായ ആ

ലോകമനുഷ്യരുടെ സഹകരണത്തോടുകൂടി പ്രവർത്തിക്കുന്ന ഭരണാധിപന്മാരായിരിക്കും. എന്നാൽ ജനങ്ങളുടെ സഹകരണത്തോടുകൂടിയുള്ള നിയമനിർമ്മാണമാണ് ഏറ്റവും ഉത്തമമായിട്ടുള്ളതു്. പരിഷ്കൃതരാജ്യങ്ങളിലെല്ലാം നിയമനിർമ്മാണം നടക്കുന്നതു് ഇപ്രകാരമത്രേ. ഏതു സംബന്ധമായ വിശദവിവരങ്ങളാണ് ആദ്യമായി ഈ ഗ്രന്ഥത്തിൽ കൊടുക്കപ്പെട്ടുന്നതു്.

ഒരു രാഷ്ട്രത്തിൽ ഇങ്ങനെ നിർമ്മിക്കപ്പെട്ടുന്ന രാജ്യനിയമങ്ങൾ അവിടത്തെ വിവിധ ഭരണവകുപ്പുകളിൽ കൂടിയതു നടപ്പിലാക്കുന്നതു്. രാഷ്ട്രത്തെ ഒരു സജീവ ശരീരത്തോടു താരതമ്യപ്പെടുത്തി നോക്കുന്നപക്ഷം, രാജ്യനിയമങ്ങളെ, ആ ശരീരത്തിൽകൂടി പ്രവഹിക്കുന്ന ജീവരക്തത്തോടുപമിക്കാം. ശരീരമാസകലം രക്തം പ്രവഹിക്കുന്നതുപോലെ, സകല ഭരണവകുപ്പുകളിലും രാജ്യനിയമങ്ങൾ പ്രാവർത്തികമാകുന്നു. പോലീസുകാരും മജിസ്ട്രേട്ടന്മാരും ജഡ്ജിമാരുംമാത്രമല്ല, വിദ്യാഭ്യാസമന്ത്രിയും, പൊതുജനാരോഗ്യമന്ത്രിയും, ധനകാര്യമന്ത്രിയും, കൃഷി വ്യവസായമന്ത്രിയുമെല്ലാം, തങ്ങളുടെ കീഴിലുള്ള ഭരണവകുപ്പുകളെ നിയന്ത്രിച്ചുകൊണ്ടുപോകേണ്ടതു്, ജനപ്രതിനിധിസഭകളും നിർമ്മിക്കുന്ന നിയമങ്ങളനുസരിച്ചാണു്. അതുകയാൽ ആവക നടപടിയെപ്പറ്റി ഈ ഗ്രന്ഥത്തിൽ രണ്ടാമതായി പ്രതിപാദിക്കുന്നതായിരിക്കും.

ഇങ്ങനെ, ജനപ്രതിനിധി സഭകൾവഴി പാസ്സാക്കപ്പെട്ടുന്ന വിവിധ നിയമങ്ങളെപ്പറ്റി, ചില വിശദ വിവരങ്ങൾ പിന്നീടു് ഈ ഗ്രന്ഥത്തിൽ കൊടുക്കുന്നതായിരിക്കും. ഉദാഹരണമായി, ചില നിയമങ്ങൾ, നീതിന്യായ വകുപ്പുകാർ പ്രയോഗിക്കേണ്ട ശിക്ഷാനിയമങ്ങളിൽ (Penal Code) പെട്ടവയായിരിക്കും. വേറെ ചിലവ, പൊതുജനാരോഗ്യം വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള നിയമങ്ങളായിരിക്കും. വേറെ ചിലവ, നികുതിപിരിവു സംബന്ധിച്ചവ ആയിരിക്കും. ഇവയിലോരോന്നിന്റെയും സ്വഭാവത്തെപ്പറ്റി, മൊത്തത്തിൽ ചില കാര്യങ്ങൾ, ഈ പുസ്തകത്തിൽ നാലാമതായി കൊടുത്തിരിക്കുന്നു.

അടുത്തതായി നമ്മുടെ പാഠത്തെ അർഹിക്കുന്ന സംഗതി രാജ്യനിയമങ്ങളുടെ സംഖ്യ അടുത്തകാലങ്ങളിൽ ത്വരിതഗതിയിൽ വർദ്ധിച്ചുകൊണ്ടിരിക്കുന്നു എന്നുള്ളതാണ്. പ്രാചീനകാലങ്ങളിൽ രാഷ്ട്രം, പൊതുജനങ്ങളുടെ അന്തർജീവിതത്തിൽ അപൂർവ്വമായിട്ടുമാത്രമെ ശ്രദ്ധിച്ചിരുന്നുള്ളൂ. ഇപ്പോഴാകട്ടെ, പലപലകാര്യങ്ങളിലും രാഷ്ട്രം ക്രമേണ ക്രമേണയായി കൈകടത്തുകയും, അതിനെ നിയന്ത്രിക്കുന്നതിനുവേണ്ടി രാജ്യനിയമങ്ങളുണ്ടാക്കുകയും ചെയ്യുവരുന്നുണ്ട്. വ്യക്തിസ്വാതന്ത്ര്യത്തിനു കേടുകൂടാതെ, പൊതുജനനന്മയെ കൈവരുത്തുന്ന ഈദൃശനിയമങ്ങളെപ്പറ്റിയാണ് പിന്നീട് ഈ ഗ്രന്ഥത്തിൽ വിവരിക്കുന്നത്.

ഒരു രാജ്യത്തിൽ രണ്ടുവിധത്തിലുള്ള നിയമനിർമ്മാണസഭകളുണ്ടാവാം. അവയിൽ പ്രധാനമായിട്ടുള്ളത്, കേന്ദ്രത്തിലുള്ള പൊതുപ്രതിനിധിസഭയാണ്. എന്നാൽ പരിഷ്കൃത ജനകീയ രാജ്യങ്ങളിലെല്ലാം, പ്രാദേശിക ജനപ്രതിനിധിസഭകളുമുണ്ട്. ഗ്രാമപഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും ഇങ്ങനെയുള്ള പ്രാദേശിക ജനപ്രതിനിധിസഭകളത്രേ. അവയിൽ നടക്കുന്ന ഒരു പ്രധാന ചടങ്ങ്, പൊതുജനങ്ങൾ ആണ്ടുവട്ടത്തിൽ അടയ്ക്കേണ്ട നികുതികളുടെ ഇനവും തുകയും നിർണ്ണയിക്കുക ആണ്. ഈ വിഷയങ്ങളെപ്പറ്റിയുള്ള വിശദവിവരങ്ങൾ, ഓരോ ഭാവിപൗരനും അറിയേണ്ടതാകയാൽ, ഏതത്സംബന്ധമായ വിവരങ്ങളും ഈ ഗ്രന്ഥത്തിൽ പിന്നീട് വിവരിക്കുന്നതായിരിക്കും.

മേൽപറഞ്ഞവ കൂടാതെ, വേറെയും ചില വിഷയങ്ങളിൽ, ഒരു രാജ്യത്തിലെ ജനങ്ങൾ ഭരണയന്ത്രത്തോട് സഹകരിച്ചു പ്രവർത്തിക്കേണ്ടതായിട്ടുണ്ട്. ഒരു രാജ്യത്തെ പൗരാവലിയുടെ ചുമതലയാണ്, ആ രാജ്യത്തിന്റെ നാനാവിധമായ അഭിവൃദ്ധിയെ കൈവരുത്തുക എന്നുള്ളത്. ഈ ബോധം ഓരോ പൌരനിലും ഉണ്ടായിരിക്കേണ്ടതു് ആവശ്യമാണ്. ഇതിനെയത്രെ (Civic Consciousness) പൌരാവബോധം എന്നു വ്യവഹരിച്ചുവരുന്നതു്. ആകയാൽ, പൊതുനന്മയ്ക്കു വിരുദ്ധവും വിധ്വംസകവുമായ, യാതൊരു സംഘടനകളോടും, ഒരു രാജ്യത്തിലെ പൌരാവലി സഹ

കരിച്ചുകൂടാത്തതത്രേ. ജനങ്ങളുടെ പരമാധികാരമത്രേ ഈ ജനകീയയുഗത്തിൽ സർവത്രനിലവിലിരിക്കുന്നതു്. ആകയാൽ പൌരന്മാരുടെ പരമപ്രധാനമായ ചുമതലയത്രേ, യോഗ്യന്മാരായ ജനപ്രതിനിധികൾക്കുവേണ്ടി വോട്ടുചെയ്യുന്നതും, രാഷ്ട്രീയസമതികളിൽ നിസ്സ്വാർത്ഥമായ സേവനം അനുഷ്ഠിക്കുന്നതും. ഈദൃശകാര്യങ്ങളെസംബന്ധിച്ചും അവധാനമായി ഈ ഗ്രന്ഥത്തിൽ ചുരുക്കമായി വിവരിക്കുന്നതാണു്.

അദ്ധ്യായം ൧.

രാജ്യനിയമങ്ങൾ.

അവയുടെ സ്വഭാവം.

ഓരോ രാജ്യത്തിലും ഓരോ ഗവൺമെൻറു് അഥവാ ഭരണക്രമമുണ്ടു്. അവ ജനകീയ ഗവൺമെൻറുകളോ, സ്വേച്ഛാധികാര ഗവൺമെൻറുകളോ ആവാം. സ്വേച്ഛാധികാര ഗവൺമെൻറുകൾ ഇപ്പോൾ വളരെ ചുരുക്കമാണു്. പക്ഷേ മുൻകാലങ്ങളിലുണ്ടായിരുന്ന രാജാക്കന്മാരെല്ലാം പ്രായേണ സ്വേച്ഛാധികാരികളായിരുന്നു. അവരിൽ ചിലരെല്ലാം പ്രജാഹിതം അനുവർത്തിച്ചു സൽഭരണം നടത്തിയിട്ടുണ്ടു്. വേറെ ചിലരാകട്ടെ പ്രജാഹിതത്തെക്കാൾ ക്ലേശകരമായി തന്നിഷ്ടത്തെയാണു് അനുവർത്തിച്ചുവന്നതു്. പ്രജാഹിതത്തെ ആരാഞ്ഞറിയുന്നതിനു് ഉത്തമന്മാരായ രാജാക്കന്മാർ സമർത്ഥരായ ഉപദേശകന്മാരെയും മന്ത്രിമാരെയും നിയോഗിക്കുകയും, അവരുടെ ഉപദേശാനുസരണം നിയമങ്ങൾ നിർമ്മിച്ചു നടപ്പിലാക്കുകയും ചെയ്തിരുന്നു. മഹാശയനായ അക്ബർ ചക്രവർത്തി, രാജാ ടോഡർമാൾ എന്ന ഉപദേശകന്റെ സഹായത്തോടുകൂടി നടപ്പിലാക്കിയ റവന്യൂനിയമങ്ങൾ ഇതിനുദാഹരണമാണു്. പക്ഷേ ഇങ്ങനെയുള്ള ഉത്തമന്മാരായ രാജാക്കന്മാർ ലോകചരിത്രത്തിൽ അത്ര സുലഭമല്ല. അക്കാരണത്താലാണു്, ജനകീയ ഭരണക്രമം ആധുനികകാലങ്ങളിൽ രൂപമെടുത്തിട്ടുള്ളതു്. ജനകീയ ഭരണക്രമത്തിൽ, രാജ്യനിയമങ്ങൾ നിർമ്മിക്കുന്നതു്, പൌരന്മാർ തിരഞ്ഞെടുക്കുന്ന പ്രതിനിധിസഭകളത്രേ.

നിയമങ്ങളുടെ ആവശ്യകത.

ഇപ്രകാരമുള്ള രാജ്യനിയമങ്ങൾ, സാമൂഹ്യജീവിയായ മനുഷ്യരുടെ സ്വാതന്ത്ര്യസംരക്ഷണത്തിനു് തികച്ചും

ഒഴിച്ചുകൂടാത്തതാണു്. ഓരോ പൌരനും മൌലികമായ ചില ജന്മാവകാശങ്ങളുണ്ടു്. ആദ്യമായി, അവനു ജീവിക്കുവാൻ സ്വാതന്ത്ര്യം വേണം. രണ്ടാമതായി, അവനു വേല ചെയ്തു ധനം സമ്പാദിക്കുന്നതിനുള്ള സ്വാതന്ത്ര്യം വേണം. മൂന്നാമതായി, അവനു് ഒരു കുടുംബമായി ജീവിതം നയിക്കുവാനുള്ള സ്വാതന്ത്ര്യം ഉണ്ടായിരിക്കണം. നാലാമതായി, അവന്റെ അന്തഃകരണപ്രചോദനമനുസരിച്ചു് ഈശ്വരാരാധന നടത്തുവാനുള്ള സ്വാതന്ത്ര്യം അവനുണ്ടായിരിക്കണം. അഞ്ചാമതായി, അവനു് സംഘംചേരുന്നതിനും അഭിപ്രായം തുറന്നു പറയുന്നതിനും സ്വാതന്ത്ര്യമുണ്ടായിരിക്കണം. ഇങ്ങനെയുള്ള മൌലികാവകാശങ്ങളും ഓരോ വ്യക്തിക്കും സാധിച്ചുകൊടുക്കുന്നതിനുവേണ്ടിയത്രേ, ഓരോ രാജ്യത്തിലും രാജ്യനിയമങ്ങളുണ്ടാക്കിയിരിക്കുന്നതു്. സുശക്തമായ ഒരു ഭരണകൂടത്തിന്റെ പിൻതുണയോടുകൂടിയ രാജ്യനിയമങ്ങളുംമൂലമാണു്, ബലഹീനരായ പൌരന്മാർക്കു തങ്ങളുടെ മൌലികാവകാശങ്ങളും അനുവദിച്ചുകിട്ടുന്നതു്. നിയമങ്ങളും എത്രതന്നെ മഹത്തരമായിരുന്നാലും, ഭരണകൂടം ബലഹീനമായിരുന്നാൽ പൌരസ്വാതന്ത്ര്യം നശിച്ചുപോകും. അതുപോലെതന്നെ ഭരണകൂടം എത്രതന്നെ ബലവത്തായിരുന്നാലും, പൊതുജനഹിതത്തിനു വിരുദ്ധമായ നിയമങ്ങളാണു് അവിടെ നടപ്പിലാക്കുന്നതെങ്കിൽ അതുമൂലം ആ രാജ്യവാസികൾക്കു് ക്ഷേമമുണ്ടാകുകയില്ല. ഉദാഹരണമായി, ഡെൽഹിയുൽത്താനായിരുന്ന മഹമ്മദു് തുഗ്ലാക്കിന്റെ ഭരണം വളരെ ശക്തമായിരുന്നെങ്കിലും, അദ്ദേഹത്തിന്റെ ഭരണം രാജ്യക്ഷേമത്തെ ഹനിക്കുവാനിടയായതു്, അദ്ദേഹത്തിന്റെ നിയമങ്ങളും പൌരാവലിയുടെ ഹിതത്തിനു വിരുദ്ധമായിരുന്നതുകൊണ്ടാണു്.

രാജ്യനിയമങ്ങളുടെ അവശ്യലക്ഷണങ്ങൾ.

നല്ല രാജ്യനിയമങ്ങൾക്കു് മുന്നു് ലക്ഷണങ്ങളുണ്ടായിരിക്കണമെന്നു് മേൽപ്പസ്താവിച്ചതിൽനിന്നും മനസ്സിലാക്കാവുന്നതാണു്.

1) ആദ്യമായി, അവ, ബലവാന്മാരുടെ ആക്രമണങ്ങളിൽനിന്നും, ബലഹീനന്മാരുടെ ജന്മാവകാശങ്ങളെ സംരക്ഷിക്കത്തക്കവയായിരിക്കണം.

2) രണ്ടാമതായി, അവമൂലം, വ്യക്തിസ്വാതന്ത്ര്യവും സാമൂഹ്യക്ഷേമവും പുലരേണ്ടിയിരിക്കുന്നു.

3) നല്ല രാജ്യനിയമങ്ങളെ നടപ്പിലാക്കുന്നതിനു ശക്തമായ ഒരു ഭരണക്രമമുണ്ടായിരിക്കണം.

രാജ്യനിയമങ്ങളെ അനുസരിക്കേണ്ട ആവശ്യകത.

സകല പൌരന്മാരും രാജ്യനിയമങ്ങളെ അനുസരിക്കേണ്ടതാണെന്നുള്ളതിനു സംശയമില്ല. അതിനു താഴെ പ്പറയുന്ന ന്യായങ്ങൾ പ്രസ്താവിക്കാവുന്നതാണ്.

1) ആദ്യമായി പറയപ്പെടുന്ന ന്യായം, രാജ്യനിയമങ്ങളെ അനുസരിക്കാതിരിക്കുവാൻ ആർക്കും സാദ്ധ്യമല്ലെന്നുള്ളതാണ്. അവയെ ലംഘിക്കുന്നവർക്ക്, ഗുരുതരമായ ശിക്ഷ ലഭിക്കുമെന്നുള്ളതു തീർച്ചയാകയാൽ, അവയെ ലംഘിക്കുവാൻ നിവൃത്തിയില്ലെന്നുള്ളതു സ്പഷ്ടമാണ്. എന്നാൽ ഈ ന്യായം എത്രതന്നെ വാസ്തവമായിരുന്നാലുംശരി, അതു കേവലം അടിമമനോഭാവത്തെ സൂചിപ്പിക്കുന്നു എന്നു പറയാതെ തരമില്ല.

2) രണ്ടാമതായി പറയപ്പെടുന്ന ന്യായം, നിയമാനുവർത്തനംമൂലം ഓരോ പൌരനും സാമൂഹ്യജീവിതത്തിൽ വളരെ ഗുണമുണ്ടാകുന്നു എന്നുള്ളതാണ്. അവ മൂലമാണല്ലോ, ഓരോരുത്തനും, അവനവന്റെ മൌലികാവകാശങ്ങളും സംരക്ഷിക്കുവാൻ സാധിക്കുന്നതു്. എന്നാൽ ഈ ന്യായം കേവലം ലാഭേഛയെയും വ്യാപാരമനോഭാവത്തെയും മാത്രമാണ് പ്രദർശിപ്പിക്കുന്നതെന്നു് ഒരാക്ഷേപമുണ്ട്.

3) മൂന്നാമതായി പറയപ്പെടുന്ന ന്യായം, നാം നിയമങ്ങളെ അനുസരിക്കുന്നതു്, നമ്മുടെ മാതൃരാജ്യത്തോടു് നമുക്കുള്ള കടമകളെ നിർവഹിക്കുന്നതിനു വേണ്ടിയാകുന്നു എന്നുള്ളതാണ്. ഉദാഹരണമായി, രാജ്യസേവനത്തിനുവേണ്ടി പല ത്യാഗങ്ങളും നാം പല

പ്പോഴും അനുഭവിക്കുന്നുണ്ട്. അങ്ങനെയുള്ള ത്യാഗങ്ങൾ ഓരോ പൌരനും സഹിക്കാതെ തരമില്ല. ഉദാഹരണമായി, നികുതികൾ കൊടുക്കുക, യുദ്ധസേവനം അനുഷ്ഠിക്കുക, മുതലായ രാജ്യനിയമങ്ങൾ ഒരു പൌരൻ പരിപാലിക്കുന്നതു്, അവനു മാതൃരാജ്യത്തോടുള്ള കർത്തവ്യബോധംകൊണ്ടാണു്. ഇതാണു് സാക്ഷാൽ ഒരു പൌരൻ രാജ്യനിയമങ്ങളെ അനുസരിക്കുന്നതിനുള്ള യഥാർത്ഥമായ ന്യായം.

ഉപസംഹാരം.

ഓരോ രാജ്യത്തിലും ഇപ്പോൾ നിലവിലിരിക്കുന്ന ഉത്തമമായ രാജ്യനിയമങ്ങൾ മുൻകാലങ്ങളിൽ അവിടെ ജീവിച്ചിരുന്ന ദേശഭക്തരായ ത്യാഗിവര്യന്മാരുടെ പരിശ്രമഫലമാണു്. 18—ാം നൂറ്റാണ്ടിൽ ഇംഗ്ലണ്ടുരാജ്യത്തിൽ ജോൺ എന്നൊരു രാജാവു് ഭരണം നടത്തിയിരുന്നു. ഏതാനും പൌരപ്രമാണികൾ അതിനെ സധൈര്യം എതിർത്തു. അവരുടെ പരിശ്രമഫലമായിട്ടാണു്, പിന്നീടു ബ്രിട്ടീഷു് ജനതയ്ക്കു് വളരെയധികം രാഷ്ട്രീയ സ്വാതന്ത്ര്യങ്ങൾ ലഭിക്കുവാനിടയായതു്. ആ ദേശഭക്തരായ മഹാരഥന്മാരാണു്, സാക്ഷാൽ ബ്രിട്ടീഷു് ജനാധിപത്യത്തിന്റെ നിർമ്മാതാക്കൾ. ഇതുപോലെയുള്ള ദേശഭക്തന്മാരും, സ്വാതന്ത്ര്യപ്രേമികളും, മിക്കദേശങ്ങളിലും ഓരോ കാലത്തുണ്ടായിട്ടുണ്ടു്. അവരുടെ മഹത്തായ മാതൃകകളെ അനുസരിച്ചു് മാതൃരാജ്യത്തോടുള്ള കർത്തവ്യങ്ങളെ അനുഷ്ഠിക്കുന്നതിനു്, ആധുനികലോകപൌരന്മാരായ നമുക്കും, ആവശ്യവും കടമയും ഉള്ളതാകുന്നു.

ചോദ്യങ്ങൾ.

1. രാജ്യനിയമങ്ങൾ നിർമ്മിക്കുന്നതാരാണു്?
2. അവയുടെ ആവശ്യം തെളിയിക്കുക?
3. അവയെ നാം അനുസരിക്കേണ്ട ആവശ്യകത വെളിവാക്കുക?

അദ്ധ്യായം ൨.

ജനപ്രതിനിധിസഭകൾ.

അവയുടെ ഘടന.

രാജ്യനിയമങ്ങൾ പൌരസ്വാതന്ത്ര്യത്തെ സംരക്ഷിക്കുന്നതിന് അത്യാവശ്യമാണെന്നു നാം മുൻ അദ്ധ്യായത്തിൽ വിവരിച്ചിട്ടുണ്ട്. സ്വേച്ഛാധികാരരാഷ്ട്രങ്ങളിൽ നിയമങ്ങൾ നിർമ്മിക്കുന്നതു്, രാജാക്കന്മാരോ, മറ്റു ഭരണകർത്താക്കളോ, ആയിരിക്കും. വളരെക്കാലമായി, കൊച്ചി തിരുവിതാംകൂർ രാജ്യങ്ങളിൽ നാടുവാണിരുന്ന മഹാരാജാക്കന്മാർ, തങ്ങളുടെ ദിവാൻജിമാരുടെ ഉപദേശത്തോടുകൂടി പുറപ്പെടുവിച്ചിരുന്ന തിരുവെഴുത്തുവിളംബരങ്ങൾ മൂലമായിരുന്നു, ഇവിടെ നിയമനിർമ്മാണം ചെയ്തിരുന്നതു്. അതുപോലെ, ബ്രിട്ടീഷിൻഡ്യയിൽ ഭരണം നടത്തിയിരുന്ന ഗവർണർമാരും ഗവർണർ ജനറൽമാരും, തങ്ങളിൽ നിക്ഷിപ്തമായിരുന്ന അധികാരമുപയോഗിച്ചു്, രാജ്യനിയമങ്ങൾ നിർമ്മിച്ചു നടപ്പിലാക്കുകയും പതിവായിരുന്നു. എന്നാൽ ബ്രിട്ടീഷ് ജനതയുടെ ജനകീയതാൽപര്യങ്ങളനുസരിച്ചുള്ള സ്വയംഭരണസ്ഥാപനങ്ങൾ, ഇൻഡ്യാരാജ്യത്തിലും ക്രമേണ ഉത്ഭവിച്ചുതുടങ്ങി. അങ്ങനെ ബ്രിട്ടീഷ് ഇൻഡ്യയിൽ 1919 മുതൽ, ഏതാനും ഭരണവകുപ്പുകൾ, ജനപ്രതിനിധിസഭകൾക്കു വിട്ടുകൊടുത്തു. അതുകയാൽ അവയുടെ ഭരണപരമായ നിയമനിർമ്മാണവും, ജനപ്രതിനിധികൾക്കു ലഭിച്ചു. ഇതിന്റെ അനുകരണങ്ങൾ, താമസംവിനാ, ഇൻഡ്യയിലെ രാജാധിപത്യരാജ്യങ്ങളിലും ദൃശ്യമായി. 1935-ലെ ഭരണപരിഷ്കാരംമൂലം ഈ ജനകീയഭരണക്രമത്തിനു കൂടുതൽ പ്രാബല്യം സിദ്ധിച്ചു.

1947 ഓഗസ്റ്റ് 15-ാംതു- ഇൻഡ്യയ്ക്കു സ്വാതന്ത്ര്യം ലഭിച്ചതോടുകൂടി, ഗ്രേറ്റ്ബ്രിട്ടനിലെ നിയമനിർമ്മാണരീതിതന്നെ, ഇൻഡ്യയിലും, ഏറെക്കുറെ പ്രബലപ്പെട്ടു.

ഇംഗ്ലണ്ടിലെ നിയമസഭക്ക് കോമൺസ് സഭ എന്നും, പ്രഭുസഭ എന്നും, രണ്ടു മണ്ഡലങ്ങളുണ്ട്. ഇവയ്ക്കു രണ്ടിനും ഉപരിയായി, പൊതുജനഹിതാനുവർത്തിയായ ഒരു രാജാവുമുണ്ട്. എന്നാൽ ഇൻഡ്യയിൽ ഇപ്പോൾ നിലവിലിരിക്കുന്ന ഇടക്കാലഗവൺമെൻറിന്, ഏകമണ്ഡലപ്രതിനിധിസഭയേ ഉള്ളു. അതിനുപരിയായി, കേന്ദ്രഗവൺമെൻറിൽ ഒരു ഗവർണർജനറലും, സാംസ്ഥാനിക ഗവൺമെൻറുകളിൽ ഓരോ ഗവർണർമാരുമാണുള്ളതു്. കേന്ദ്രഗവർമെൻറിൻെറ കീഴിലുള്ള തിരുവിതാംകൂർകൊച്ചി സംയുക്തരാഷ്ട്രത്തിലാകട്ടെ, ഒരു ഏകമണ്ഡലനിയമസഭയും അതിനുപരിയായി ഒരു രാജപ്രമുഖനുമാണുള്ളതു്. ഈ പുതിയഭരണഘടനയിൽ ജനപ്രതിനിധികൾക്കു് നിയമനിർമ്മാണത്തിനും ഭരണനിർവഹണത്തിനും വേണ്ടത്ര പൂർണ്ണസ്വാതന്ത്ര്യവും ലഭിച്ചിരിക്കുന്നു.

ഇനിയും നമുക്കു പരിശോധിക്കുവാനുള്ളതു് ജനകീയഭരണം നിലവിലിരിക്കുന്ന രാജ്യങ്ങളിലെ നിയമനിർമ്മാണരീതിയെപ്പറ്റിയാണു്. ഇൻഡ്യയിൽ ഇനിയും സ്ഥിരമായ ഒരു ഭരണഘടന ഉണ്ടായിട്ടില്ല. അതുകൊണ്ടു് ഇപ്പോൾ നിലവിലിരിക്കുന്ന ഇടക്കാലഭരണവ്യവസ്ഥകളെപ്പറ്റിമാത്രമേ ഇവിടെ പ്രസ്താവിക്കുവാൻ നിവൃത്തിയുള്ളു. അതു കരുപ്പിടിപ്പിച്ചിരിക്കുന്നതു്, ഏറെക്കുറെ ബ്രിട്ടീഷ് മാതൃകയെ അനുകരിച്ചാണെന്നുതോന്നും.

ബ്രിട്ടനിലെ പാർല്യമെൻറിനു് ആ രാജ്യത്തിലെ നിയമനിർമ്മാണത്തിലും രാജ്യഭരണത്തിലും പരിപൂർണ്ണമായ അധികാരമാണുള്ളതു്. "ഒരു പുരുഷനെ സ്ത്രീയാക്കുവാനും, ഒരു സ്ത്രീയെ പുരുഷനാക്കുവാനും മാത്രമേ പാർല്യമെൻറിനു സാധിക്കാതെയുള്ളൂ" എന്നു ഇംഗ്ലീഷുകാരുടെ ഇടയിൽ ഒരു ചൊല്ലുണ്ടു്. പാർല്യമെൻറ് എന്ന പദം ഫ്രഞ്ചുഭാഷയിലുള്ള Parler എന്ന ധാതുവിൽ നിന്നും ഉത്ഭവിച്ചിട്ടുള്ളതാണു്. ആ ധാതുവിൻെറ അർത്ഥം, "സംസാരിക്കുക" എന്നാണു്. അതുകൊണ്ടു് പാർല്യമെൻറ് എന്ന പദത്താൽ വിവക്ഷിച്ചിരിക്കുന്ന അർത്ഥം, ഭരണകാര്യങ്ങളെപ്പറ്റി ജനപ്രതിനിധികൾ സംസാരിച്ചു തീർച്ചചെയ്യുന്ന സഭ എന്നാണു്. ഇംഗ്ല

ണ്ടിലെ പാർല്യമെൻറിൽ ജനപ്രതിനിധികളായി, 650-ൽ പരം മെമ്പറന്മാരുണ്ട്. അവരെ 5 കൊല്ലക്കാല ത്തേക്കാണ് ജനങ്ങളാം തിരഞ്ഞെടുക്കുന്നതു്. സാക്ഷാൽ തിരഞ്ഞെടുക്കപ്പെടുന്ന ജനപ്രതിനിധികളാം കോമൺസു സഭയിലെ അംഗങ്ങളാം മാത്രമേയുള്ളു. പ്രഭുസഭയിലെ അംഗങ്ങളിൽപ്പെട്ടവർ, മുൻപു് പ്രശസ്തമായ രാജ്യസേ വനം ചെയ്തിട്ടുള്ളവരോ, അവരുടെ പിൻഗാമികളോ ആയിരിക്കും. അവരെക്രടാതെ പ്രഭുസഭയിൽ, ആയുഷ്ക്കാലസാമാജികന്മാരായ ചില വൈദികശ്രേഷ്ഠന്മാരുണ്ടു്. കാൻറർബറിയിലെയും യാർക്കിലെയും ആംഗ്ലിക്കൻ ആർ ച്ചുബിഷപ്പന്മാരും, ചില പ്രമുഖ ബിഷപ്പന്മാരും, ഇങ്ങ നെ അംഗത്വം ലഭിച്ചിട്ടുള്ള പ്രഭുസഭാംഗങ്ങളാണു്. അവ രെക്രടാതെ വിദഗ്ധന്മാരായ ചില നിയമപണ്ഡിതന്മാർ ക്കും പ്രഭുസഭയിൽ സ്ഥാനം കൊടുത്തുവരുന്നു. അതു കയാൽ തിരഞ്ഞെടുക്കപ്പെടുന്ന ജനപ്രതിനിധികളല്ലെങ്കി ലും അവർ ദേശീയകാര്യങ്ങളിൽ വിദഗ്ധമായ അഭിപ്രായ ങ്ങളാം പറയുന്നതിനു തക്ക യോഗ്യതയുള്ളവരത്രെ.

ബ്രിട്ടീഷ് പാർല്യമെൻറു സമ്മേളിക്കുന്നതു്, ല ണ്ടൻനഗരത്തിൽപ്പെട്ട വെസ്റ്റുമിനിസ്റ്റർ കൊട്ടാ രത്തിലാണു്. ആ വൻപിച്ച എടുപ്പിനുപരിയായി, ഉയ ന്നുനിൽക്കുന്ന ഗോപുരത്തിൽ ഭീമാകാരമായ ഒരു ഘടി കാരമുണ്ടു്. രാത്രികാലങ്ങളിലാണു് അവിടെ പാർല്യ മെൻറുസഭ സമ്മേളിക്കുന്നതു്. ആ അവസരത്തിൽ ആ ഘടികാരത്തിൻെറ മുഖം വിദ്യുച്ഛക്തികൊണ്ടു് പ്രകാശ മാനമായിരിക്കും. ആ ഘടികാരത്തെയത്രേ Big Ben എ ന്നു വിളിക്കുന്നതു്. ഈ ഘടികാരത്തിൻെറ പ്രകാശ മാനമായ മുഖം കണ്ടാൽ, ബ്രീട്ടീഷ് ജനപ്രതിനിധികളാം തങ്ങളുടെ രാജ്യരക്ഷാർത്ഥം ക്രടിയാലോചനകളാം നടത്തി ക്കൊണ്ടിരിക്കുന്നു എന്നു ആർക്കും മനസ്സിലാക്കാവുന്നതാണു്.

കോമൺസ് സഭയ്ക്കും പ്രഭുസഭയ്ക്കും പ്രത്യേകം പ്രത്യേ കം അദ്ധ്യക്ഷന്മാരുണ്ടു്. കോമൺസ് സഭയുടെ അദ്ധ്യക്ഷ നു സ്പീക്കർ (Speaker) എന്നാണു് പേരു്. ആ ഉദ്യോ ഗസ്ഥനെ തിരഞ്ഞെടുത്തു കഴിഞ്ഞാലുടൻ, അദ്ദേഹം അ ലംകൃതമായ തൻെറ അദ്ധ്യക്ഷപീഠം സ്വീകരിക്കുകയും,

പാർല്യമെൻററി നടപടികളനുസരിച്ച്, തൻെറ ജോലികൾ നിർവ്വഹിച്ചുകൊടുക്കുകയും ചെയ്യുന്നു. അനേക സാമാജികന്മാർ വാദപ്രതിവാദം ചെയ്യുന്ന ആ മഹാസഭയുടെ നടത്തിൽ, ക്രമസമാധാനങ്ങൾ പാലിക്കുന്നതും, ഒരു പാർല്യമെൻററിനുണ്ടായിരിക്കേണ്ട അന്തസ്സിനെ പരിപാലിക്കുന്നതും, ആ ഉദ്യോഗസ്ഥനത്രേ. സ്പീക്കർ, കക്ഷിരഹിതനാണ്. അദ്ദേഹത്തിൻെറ ആജ്ഞകളെ നിരുപാധികമായി അനുസരിക്കുന്നതിനു്, എല്ലാ അംഗങ്ങൾക്കും ചുമതലയുള്ളതുകയാൽ, അങ്ങനെ ചെയ്യാത്തവരെ അറസ്റ്റ് ചെയ്യുന്നതിനുള്ള അധികാരവും അദ്ദേഹത്തിൽ നിക്ഷിപ്തമായിരിക്കുന്നു.

പ്രഭുസഭയുടെ അദ്ധ്യക്ഷനു് ലോർഡ് ചാൻസലർ (Lord Chancellor) എന്നാണു പേരു്. അദ്ദേഹം, ആ മണ്ഡലത്തിലെ അദ്ധ്യക്ഷപദം വഹിക്കുന്നുവെങ്കിലും, സ്പീക്കറിനുള്ളിടത്തോളം അധികാരാവകാശങ്ങൾ അദ്ദേഹത്തിനില്ല. സാക്ഷാൽ പ്രഭുസഭയ്ക്കുതന്നെയും, കോമൺസു സഭയ്ക്കുള്ളിടത്തോളം അധികാരമില്ല. കോമൺസു സഭയിൽ പാസ്സാക്കപ്പെട്ടുന്ന കരടുനിയമങ്ങളെ പുനഃപരിശോധന ചെയ്യണമെന്നുള്ള കൃത്യമാണു്, ആ ഉപരിമണ്ഡലത്തിനുള്ളതു്. പ്രഭുക്കന്മാർ അവരുടെ യാഥാസ്ഥിതികബുദ്ധിയും സ്ഥാപിതതാല്പര്യങ്ങളും ഹേതുവാൽ, കോമൺസിൽ പാസ്സായ ഏതെങ്കിലും നിയമങ്ങൾ പാസ്സാക്കാതെ വിട്ടുകളഞ്ഞാൽ, തുടരെയുള്ള മൂന്നു കോമൺസ് സമ്മേളനങ്ങളിൽ വായിച്ചു്, പ്രഭുക്കന്മാരുടെ സമ്മതിക്കുടാതെതന്നെ, അതു പാസ്സാക്കപ്പെടാവുന്നതാണു്. ഇൻഡ്യയിൽ ഒരു ദ്വിതീയ മണ്ഡലം വേണ്ടെന്നുവച്ചിരിക്കുന്നതു്, അതു ജനകീയതാല്പര്യങ്ങളെ പ്രതിബിംബിപ്പിക്കുവാനിടയില്ലെന്നുള്ള ബോധ്യംകൊണ്ടാണു്. ഇംഗ്ലണ്ടിൽ പോലും, നികുതി പിരിവിനെപ്പററി നിയമനിർമ്മാണം ചെയ്യുവാനുള്ള അധികാരം, ദ്വിതീയ മണ്ഡലത്തിനില്ലെന്നുള്ളതും ഇവിടെ സ്മരണീയമത്രേ.

ഇംഗ്ലണ്ടിലെ പാർല്യമെൻറിൽ മൂന്നു രാഷ്ട്രീയകക്ഷികളുണ്ടു്. അവയുടെ പേരു്, യാഥാസ്ഥിതികർ, ഉൽപ്പതിഷ്ണുക്കൾ, തൊഴിലാളികൾ, എന്നിങ്ങനെയാണു്. ആ

വിഭാഗം അവരുടെ രാഷ്ട്രീയാദർശങ്ങളെ മുൻനിർത്തിയുള്ളതാണ്; അല്ലാതെ അത് ജാതി, മതം, വർഗ്ഗം, വർണ്ണം മുതലായ യാതൊന്നിനെയും ആസ്പദമാക്കിയുള്ളതല്ല. അവയ്ക്ക് ബ്രിട്ടനിലെ രാഷ്ട്രീയ ജീവിതത്തിൽ യാതൊരു സ്ഥാനവുമില്ല. വിപരീത രാഷ്ട്രീയാദർശങ്ങളാം ഉള്ളവർപോലും, തങ്ങളുടെ മാതൃരാജ്യത്തിന്റെ അഭിവൃദ്ധിക്കും മേന്മയ്ക്കുമാണ്, പ്രത്യേക കക്ഷിതാല്പര്യങ്ങളെക്കാൾ പ്രധാനസ്ഥാനം എപ്പോഴും നൽകിവരുന്നത്. മഹായുദ്ധങ്ങളിൽ തങ്ങളുടെ മാതൃരാജ്യം ഏർപ്പെട്ടന്ന അവസരങ്ങളിൽ, ബ്രിട്ടീഷുകാർ തങ്ങളുടെ രാഷ്ട്രീയ കക്ഷിവ്യത്യാസങ്ങളെ വിസ്മരിക്കുകയും, കക്ഷിരഹിതമായ ദേശീയ ഗവൺമെൻറുകൾ രൂപവൽകരിക്കുകയുമാണ് പതിവ്. ബ്രിട്ടീഷ് മാതൃകയെ അനുകരിക്കുന്ന ഭാരതീയർക്കും ഈ പ്രശസ്തപാരമ്പര്യം തന്നെയാണ് സ്വീകാര്യം.

പുത്തനായി തെരഞ്ഞെടുക്കപ്പെട്ടന്ന ജനപ്രതിനിധിസഭകളിൽ ഒന്നിലധികം രാഷ്ട്രീയ കക്ഷികളുണ്ടായിരിക്കും. അവയിൽ ഭൂരിപക്ഷം വരുന്ന കക്ഷിയാണ് രാജ്യഭരണം ഏറെറടുക്കുന്നത്. പ്രതിനിധികൾ തിരഞ്ഞെടുക്കപ്പെട്ടകഴിഞ്ഞാലുടൻ, ഓരോ കക്ഷിയിലെയും അംഗങ്ങളുടെ യോഗം കൂടുന്നു. ഓരോ കക്ഷിയുടെയും നേതാക്കന്മാരുടെ പേരും, അതോടൊപ്പം, ഏവർക്കും മനസ്സിലാകുന്നതാണ്. വല്ല സംശയത്തിനും മാർഗ്ഗമുണ്ടെങ്കിൽ പാർട്ടിമീറിംഗുകൾക്കുപുറമേ ലീഡറിനെ തെരഞ്ഞെടുക്കുന്നതോടൊപ്പം അതവസാനിക്കുന്നതുമാണ്. ഭൂരിപക്ഷകക്ഷിയുടെ നേതാവിനെ ഗവർണർ ജനറൽ, ഗവർണർ, അഥവാ രാജപ്രമുഖൻ, ക്ഷണിച്ചുവരുത്തുകയും, പ്രധാനമന്ത്രിയെന്ന നിലയിൽ, തന്റെ മന്ത്രിസഭയെ രൂപവൽക്കരിക്കുന്നതിനു നിർദ്ദേശം കൊടുക്കുകയും ചെയ്യുന്നു. അദ്ദേഹമാകട്ടെ, തന്റെ രാഷ്ട്രീയ കക്ഷിയിൽപെട്ട പ്രതിനിധിസഭാ മെംബറന്മാരിൽനിന്നും, സമർത്ഥരായ ആളുകളെ തന്റെ സഹമന്ത്രിമാരായി തിരഞ്ഞെടുക്കുകയും ചെയ്യുന്നു. പ്രധാനമന്ത്രിയും സഹമന്ത്രിമാരും തമ്മിൽ പരിപൂർണ്ണമായ ഐകമത്യവും സഹകരണവും ഉ

ണ്ടായിരിക്കേണ്ടതു് തികച്ചും അത്യാവശ്യമത്രേ. അല്ലെങ്കിൽ മന്ത്രിസഭാഭരണം അപകടത്തിലെ കലാശിക്കയുള്ളു. അക്കാരണത്താലാണു്, പ്രധാനമന്ത്രി, തന്റെ രാഷ്ട്രീയ കക്ഷിയിൽനിന്നുമാത്രം, സഹമന്ത്രിമാരെ തെരഞ്ഞെടുത്തുവരുന്നതു്. ഗവൺമെൻറിന്റെ തലവനായ പ്രധാനമന്ത്രിയും, അദ്ദേഹത്തിന്റെ സഹമന്ത്രിമാരും, പാർല്യമെൻറു മന്ദിരത്തിൽ, അദ്ധ്യക്ഷപീഠത്തിനുമുൻപിലുള്ള സുഖപ്രദമായ ബഞ്ചുകളിൽ ആസനസ്ഥരാകുന്നു. ഇവരുടെ പിറകിലായിട്ടാണു് അവരെ പിൻതാങ്ങുന്ന പ്രബലകക്ഷിയിലെ അംഗങ്ങൾ ഇരിക്കാറുള്ളതു്. മറ്റു മെംബറന്മാർ അവരെ അഭിമുഖീകരിച്ചു് സജ്ജീകരിച്ചിട്ടുള്ള, പ്രതിപക്ഷ സീറ്റുകളിലും സ്ഥാനം പിടിച്ചിരിക്കും.

ചോദ്യങ്ങൾ.

1. പാർലമെൻറു് എന്നാൽ എന്തു്? ആ സഭയ്ക്കു് എങ്ങനെ ആ പേരു് ലഭിച്ചു.
2. സ്പീക്കർ, ചാൻസലർ ഇവരുടെ ജോലികൾ എന്തു്?
3. മന്ത്രിസഭ രൂപവൽകരിക്കുന്ന വിധം വിവരിക്കുക.

അദ്ധ്യായം ൩.

ജനപ്രതിനിധിസഭകളും നിയമനിർമ്മാണവും.

ബ്രിട്ടീഷ് പാർല്യമെൻറുസഭയിലും അതേമാതൃകയിലുള്ള ഇതര ജനപ്രതിനിധിസഭകളിലും, നിയമങ്ങൾ പാസ്സാക്കപ്പെടുന്നവിധത്തെപ്പറ്റിയാണു് ഇനിയും ചില കാര്യങ്ങൾ ഇവിടെ പ്രസ്താവിക്കേണ്ടിയിരിക്കുന്നതു്.

ജനപ്രതിനിധിസഭകളിൽ പാസ്സാക്കപ്പെടേണ്ട നിയമങ്ങളുടെ നക്കൽ, ആദ്യമായി, ഒരു മന്ത്രിയോ, സാധാരണസാമാജികനോ, ഒരു കടലാസ്സിൽ എഴുതി ജനപ്രതിനിധി സഭാസമക്ഷം അവതരിപ്പിക്കുന്നു. ഈ ഘട്ടത്തിൽ അതിനെ ബിൽ (Bill) എന്നാണു് നാമകരണം ചെയ്യുന്നതു്. സാധാരണ സാമാജികന്മാർ അവതരിപ്പിക്കുന്ന ബില്ലുകളും പാർല്യമെൻറിൽ പാസ്സാക്കുക അത്ര എളുപ്പമല്ല. ഭരിപക്ഷത്തിൻെറ പിൻതാങ്ങലുള്ള മന്ത്രിസഭാംഗങ്ങൾ അവതരിപ്പിക്കുന്ന ബില്ലുകളാണു് ജനപ്രതിനിധിസഭകളിൽ പാസ്സാക്കപ്പെട്ടുവാനെളുപ്പമുള്ളതു്.

ഒരു പുതിയ ബില്ലിൻെറ ആദ്യത്തെ വായന നടക്കുന്ന അവസരത്തിൽ തത്സംബന്ധമായ യാതൊരുവാദപ്രതിവാദവും നടക്കാറില്ല. രണ്ടാമത്തെ വായനനടക്കുന്ന അവസരത്തിലാണു്, ബില്ലിൽ അടങ്ങിയിരിക്കുന്ന തത്വത്തെ അടിസ്ഥാനമാക്കി മന്ത്രിമാരും ഇതരജനപ്രതിനിധിസഭാംഗങ്ങളും ദീർഘമായ ചർച്ചകളും പ്രസംഗങ്ങളും നടത്തുകപതിവു്. പക്ഷെ ബില്ലിൻെറ വിവിധവകുപ്പുകളിൽ യാതൊരു വ്യത്യാസവും ഈ അവസരത്തിൽ ചെയ്യുക പതിവില്ല. ഇതാണു് രണ്ടാമത്തെ വായനയിൽ നടക്കുന്ന ചടങ്ങു്.

ഇങ്ങനെ ഈ രണ്ടാമത്തെ വായന കഴിഞ്ഞാൽ, ഒരു പുതിയ ബിൽ പോകുന്നതു്, പാർല്യമെൻററികമ്മററിയുടെ കൈയിലേക്കാണു്. ഈ കമ്മററി, ബില്ലിൻെറ ഓരോ വകുപ്പിനെയും പ്രത്യേകം പ്രത്യേകം പരിശോധിക്കുകയും, ഓരോ ഭേദഗതികളും അഭിപ്രായപ്പെടുകയും, ദീർഘമായ വാദപ്രതിവാദങ്ങൾക്കുശേഷം, ബില്ലിനെ കഴിയുന്നത്ര ദോഷരഹിതമായി എഴുതിയുണ്ടാക്കുകയും ചെയ്യുന്നു. അതിനുശേഷം അതു് കമ്മിററിയുടെ അദ്ധ്യക്ഷൻ, പ്രതിനിധിസഭയുടെ അദ്ധ്യക്ഷനായ സ്പീക്കറിനെ ഭരമേൽപ്പിക്കുന്നു.

ഇങ്ങനെ ഭേദഗതി ചെയ്യപ്പെട്ടുകിട്ടുന്ന ബിൽ, മൂന്നാം വായനയ്ക്കു വരുമ്പോഴാണു്, പാർലമെൻറിലെ വിവിധഅംഗങ്ങൾക്കു് തത്സംബന്ധമായ ഭേദഗതികളോ കുറവുകളോ ചെയ്യുന്നതിനുള്ള അവസരം ലഭിക്കുന്നതു്.

അതുകഴിഞ്ഞശേഷമാണ്, ഒരു ബിൽ, ജനപ്രതിനിധിസഭയിൽ പാസ്സാക്കപ്പെട്ടുന്നതു്.

ഇംഗ്ലണ്ടിൽ, പ്രഥമമണ്ഡലമായ കോമൺസ് സഭയെക്കൂടാതെ, ദ്വിതീയ മണ്ഡലമായ ഒരു പ്രഭുസഭ കൂടെയുള്ളതുകൊണ്ടു്, പ്രഥമമണ്ഡലത്തിൽ പാസ്സാക്കപ്പെട്ടുന്ന ബില്ലുകൾ, പ്രഭുസഭയിൽക്കൂടിയും മേൽപറഞ്ഞ മൂന്നു ഘട്ടങ്ങൾ കടന്നുപോകേണ്ടതായിട്ടുണ്ടു്. അവിടെയും പാസ്സാക്കപ്പെട്ടുന്നപക്ഷം, ആ ബിൽ രാജാവിന്റെ കൈയ്യൊപ്പോടുകൂടി, നിയമമായിത്തീരുന്നു. എന്നാൽ കോമൺസ് സഭയിൽ പാസ്സാക്കപ്പെട്ടുന്ന ബില്ലുകളെ, പ്രഭുസഭ, ചിലപ്പോൾ തള്ളിക്കളഞ്ഞു എന്നോ, ഗണ്യമായ വിധത്തിൽ ഭേദഗതി ചെയ്തു എന്നോ വരാം. എന്നാൽ ഈ ഭേദഗതികളെ അംഗീകരിക്കുന്നതിനും തള്ളിക്കളയുന്നതിനും, കോമൺസ് സഭയ്ക്കു് അധികാരമുണ്ടു്. കോമൺസ് സഭ അങ്ങനെ തള്ളിക്കളയുന്ന ബില്ലുകൾ, മൃതപ്രായമായി പരിഗണിക്കപ്പെട്ടുന്നു. എന്നാൽ കോമൺസ് സഭയിൽ ഒരിക്കൽ പാസ്സാക്കപ്പെട്ടുന്ന ബില്ലുകൾ, പ്രഭുസഭ തിരസ്കരിച്ചാൽപോലും അടുത്ത രണ്ടുകൊല്ലത്തിനകം, അതു രണ്ടുതവണ കോമൺസിൽ പാസ്സാക്കപ്പെട്ടുന്നപക്ഷം, അതു രാജസന്നിധിയിലേക്കു പോകുന്നതും, രാജാവിന്റെ ഒപ്പോടുകൂടി, നിയമമായിത്തീരുന്നതുമാണു്.

ഏകമണ്ഡലം മാത്രമുള്ള ഒരു പ്രതിനിധിസഭയിൽപോലും ഒരു ബിൽ നിയമമാകുന്നതിനു കുറെ കാലതാമസമുണ്ടാകുമെന്നുള്ളതു തീച്ചയാണു്. പക്ഷേ ആ സമയനഷ്ടം അത്ര കാര്യമായി ഗണിക്കേണ്ടതില്ല. തന്മൂലം നിയമങ്ങളിൽ കഴിയുന്നത്ര ന്യൂനതകുറഞ്ഞു കിട്ടുന്നു എന്നുള്ളതു് വലിയ ഒരു നേട്ടമാണു്. വേണ്ടത്ര അവധാനതയില്ലാതെ ദ്രുതഗതിയിൽ പാസ്സാക്കപ്പെട്ടുന്ന നിയമങ്ങൾ പലപ്പോഴും ഗുരുതരമായ ന്യൂനതകളടങ്ങിയവ ആയിരിക്കാനിടയുള്ളതാണു്.

മേൽവിവരിച്ചപ്രകാരം, ഒരു ജനപ്രതിനിധിസഭയിൽ പാസ്സാക്കപ്പെട്ടുന്ന നിയമങ്ങൾ, ആ ദേശത്തിലെ സകല പൌരന്മാരും അനുസരിക്കാതെ നിവൃാഹമി

ല്ല. അതിനെ ഭേദഗതി ചെയ്യുകയോ, പാടേ റദ്ദുചെയ്യുകയോ ചെയ്യണമെങ്കിൽ, ആ അഭിപ്രായമുള്ള ഭൂരിപക്ഷം ജനപ്രതിനിധികളെ, അടുത്ത തെരഞ്ഞെടുപ്പിൽ ജനങ്ങളം തിരഞ്ഞെടുത്തു വിടേണ്ടിയിരിക്കുന്നു.

ചോദ്യങ്ങൾ.

1. ബ്രി. പാർല്യമെൻറിൽ ഒരു ബിൽ ഒരു നിയമമായിത്തീരുന്ന നടപടികളെ വിവരിക്കുക.
2. ബ്രീട്ടീഷ് പാർല്യമെൻറും, ഇൻഡ്യൻ പാർല്യമെൻറും തമ്മിൽ എന്തു വ്യത്യാസമാണുള്ളതു്?

അദ്ധ്യായം ൯.

നിയമങ്ങൾ നടപ്പിലാക്കുന്നവിധം.

ജനകീയരാഷ്ട്രങ്ങളിൽ നിയമങ്ങൾ നിർമ്മിക്കപ്പെടുന്ന വിധത്തെപ്പറ്റി കഴിഞ്ഞ അദ്ധ്യായത്തിൽ നാം വിവരിച്ചുകഴിഞ്ഞു. ഇനിയും നിയമങ്ങളെ എങ്ങനെയെല്ലാമാണു് പ്രയോഗത്തിൽ വരുത്തുന്നതെന്നാണു് നമുക്കു പഠിക്കേണ്ടതു്.

ഒരു ജനകീയരാഷ്ട്രത്തിൽ ഭരണംനിർവഹിക്കുന്നതു്, മന്ത്രിസഭയാണു്. അതിൽ ഒരു പ്രധാനമന്ത്രിയും, അദ്ദേഹം തിരഞ്ഞെടുക്കുന്ന പല സഹമന്ത്രിമാരും ഉണ്ടായിരിക്കും. അവരുടെ തുക ഓരോ രാജ്യത്തിലും വ്യത്യസ്തമായിരിക്കും. 1949 ജൂലൈ 1-ാംതീയതി രൂപമെടുത്തതായ നമ്മുടെ തിരുവിതാംകൂർകൊച്ചി യൂണിയനിൽ 9 മന്ത്രിമാരാണുള്ളതു്. അവരെല്ലാവരും ഒരേ രാഷ്ട്രീയകക്ഷിയിൽപെട്ടവരും. ഒരേരാഷ്ട്രീയാഭിപ്രായമുള്ളവരും, ആയിരിക്കണമെന്നുണ്ടു്, ഏതെങ്കിലും ഒരു മന്ത്രിയിൽ നിയമസഭ അവിശ്വാസം രേഖപ്പെടുത്തുന്നപക്ഷം അദ്ദേഹമുൾപ്പെട്ട മന്ത്രിസഭ മുഴുവൻ ഒരുമിച്ചു രാജിവയ്ക്കുകയാണു് നടപടി.

മന്ത്രിസഭയേ സംയോജിപ്പിച്ചുകൊണ്ടുപോകുന്നതു് പ്രധാനമന്ത്രിയാണു്. "The Prime minister is the Keystone of the Cabinet Arch" എന്നു് ഇംഗ്ലീഷിൽ ഒരു പഴമൊഴിയുണ്ടു്. കെട്ടിടങ്ങൾക്കു് കല്ലു് കൊണ്ടുള്ള കൂത്തിവളവുകൾ (Arches) പണിയുമ്പോൾ ആ വയുടെ ഒത്തമദ്ധ്യത്തിൽ സ്ഥിതിചെയ്യുന്ന കല്ലു് ആണു്, മറ്റുകല്ലുകളെ താഴെ വീഴാതെ ബലമായി യഥാസ്ഥാനങ്ങളിൽ നിറുത്തിക്കൊണ്ടുപോകുന്നതു്. അതുപോലെയാണു്, പ്രധാനമന്ത്രി, തന്റെ സഹമന്ത്രിമാരെയെല്ലാം യോജിപ്പിച്ചു്, യഥാസ്ഥാനങ്ങളിൽ താങ്ങിനിറുത്തുന്നതു്. ഇതാണു് മേൽവിവരിച്ച പഴമൊഴിയുടെ സാരാംശം. ഇങ്ങനെയുള്ള മന്ത്രിമാരുടെ കീഴിൽ പല ഭരണവകുപ്പുകൾ, അഥവാ ഡിപ്പാർട്ടുമെൻറുകൾ, ഉണ്ടായിരിക്കും. ഈ വിവിധ ഡിപ്പാർട്ടുമെൻറുകൾ വഴിയാണല്ലോ രാജ്യനിയമങ്ങൾ നടപ്പിലാക്കപ്പെടുന്നതു്. ഇൻഡ്യായുണിയനെപ്പോലെയുള്ള ഒരു പരമാധികാരരാഷ്ട്രത്തിലുള്ള ഡിപ്പാർട്ടുമെൻറുകൾ, വിദേശകാര്യം, ആഭ്യന്തരകാര്യം, ധനകാര്യം, കമ്പിയും തപാലും, തുടങ്ങിയവയാണു്.

യാതൊരു രാജ്യത്തിനും അന്യദേശങ്ങളുമായിബന്ധപ്പെടാതെ ജീവിക്കുവാൻ സാദ്ധ്യമല്ല. നയതന്ത്രപരമായും, വാണിജ്യപരമായും, ഭൂലോകത്തിലുള്ള സകല രാഷ്ട്രങ്ങളും പരസ്പരം ബന്ധപ്പെട്ടാണു് കിടക്കുന്നതു്. അതുകയാൽ ഓരോ സ്വതന്ത്രരാഷ്ട്രവും, പരസ്പരം തങ്ങളുടെ പ്രതിനിധികളെ വിനിമയം ചെയ്യുവരുന്നു. ഇങ്ങനെയുള്ള വൈദേശിക പ്രതിനിധികളെ സ്വീകരിക്കുകയും, അവരുമായി കൂടിയാലോചനകൾ നടത്തുകയും, അങ്ങനെ സ്വന്ത രാജ്യത്തിന്റെ അഭിമാനത്തെയും അന്തസ്സിനെയും പരിപാലിക്കുകയുമാണു്, വിദേശകാര്യമന്ത്രിയുടെ ചുമതല. എന്നാൽ ഇക്കാര്യങ്ങളിൽ വിദേശകാര്യമന്ത്രിയുടെ പ്രവൃത്തികളെല്ലാം, തന്റെ ജനപ്രതിനിധിസഭ തീരുമാനിക്കുന്ന വിധത്തിലായിരിക്കണമെന്നുള്ളതു് നിർബന്ധമാണു്. അല്ലാത്തപക്ഷം, ആ സഭക്കു് വിദേശ മന്ത്രിയിലും

അദ്ദേഹമടങ്ങിയ മന്ത്രിസഭയിലും, അവിശ്വാസം രേഖപ്പെടുത്തുവാൻ അവകാശമുള്ളതാണ്.

വിദേശകാര്യവകുപ്പിനെപ്പോലെതന്നെ പ്രാധാന്യമേറിയ മറെറാരു വകുപ്പാണ്, ആഭ്യന്തരകാര്യമന്ത്രിയുടേതു്. അദ്ദേഹത്തിൻെറ കീഴിലാണ് പോലീസു്, ഗതാഗതം, വൈദ്യം, ശുചീകരണം, ഖനനം, വ്യാണിജ്യം, വ്യവസായം, വിദ്യാഭ്യാസം പ്രാദേശികസ്വയംഭരണം, മുതലായ ഡിപ്പാർട്ടുമെൻറുകളും. ഈ വകുപ്പുകളുടെയെല്ലാം ഭരണം നടത്തേണ്ടതു്, ജനപ്രതിനിധിസഭകളും അപ്പീപ്പോലും പാസ്സാക്കുന്ന നിയമങ്ങളനുസരിച്ചു വേണ്ടിയിരിക്കുന്നു. അല്ലാത്തപക്ഷം ആഭ്യന്തരകാര്യമന്ത്രിയേയും മന്ത്രിസഭയെയും അവർ സ്ഥാനഭ്രഷ്ടരാക്കുമെന്നുള്ളതു് തീർച്ചയത്രേ.

ആധുനികകാലത്തു്, തുലോം പ്രാധാന്യത്തെ അർഹിക്കുന്ന മറെറാരു ഭരണവകുപ്പാണ് പോസ്റ്റൽഡിപ്പാർട്ടുമെൻറു്. 1840–ാമാണ്ടാണ്, ഇംഗ്ലണ്ടിൽപോലും ചുരുങ്ങിയ ചെലവിലുള്ള തപാൽ സമ്പ്രദായം നടപ്പിലായതു്. അക്കാലത്തു്, അതു്, കേവലം അപ്രായോഗികവും വ്യയ ഹേതുകവുമാണെന്നു പലരും വിചാരിച്ചിരുന്നുവെങ്കിലും, ഇക്കാലത്തു് അതു് വളരെ ആദായകരവും പ്രയോജനകരവും ആയിത്തീർന്നിട്ടുണ്ടു്. അതിൻെറ ഭരണം നടത്തപ്പെടുന്നതും ഒരു ജനകീയമന്ത്രിയുടെ കീഴിലത്രേ. അദ്ദേഹവും പ്രതിനിധിസഭയുടെ നിയമങ്ങൾക്കു വിധേയമായി വേണമല്ലോ ഭരണം നടത്തേണ്ടതു്.

ഓരോ രാഷ്ട്രത്തിൻെറയും വരവു ചെലവുകളെ നിയന്ത്രിക്കുന്ന ഒരു ഡിപ്പാർട്ടുമെൻറത്രേ ധനകാര്യവകുപ്പു്. ഓരോ ഇനത്തിലുള്ള നികുതികളും പിരിച്ചെടുക്കുകയും, അവയെ പൊതുജനക്ഷേമമാർഗ്ഗം ചെലവഴിക്കുകയും ചെയ്യുക എന്നതാണ് ഈ വകുപ്പു നിർവ്വഹിക്കുന്ന കൃത്യം. ഇതും ജനപ്രതിനിധിസഭകളുടെ തീരുമാനമനുസരിച്ചാണ്, ചെയ്യപ്പെടുന്നതു്. ധനകാര്യവകുപ്പിൻെറ നിയന്ത്രണവും, ഒരു ജനകീയമന്ത്രിയുടെ നേതൃത്വത്തിലാണ് സ്ഥിതി ചെയ്യുന്നതു്. പ്രധാനമന്ത്രി കഴിഞ്ഞാൽ ധനകാര്യമ

ന്ത്രിയുടെ സ്ഥാനമാണു്, തുലോം പ്രാധാന്യത്തെ അർഹിക്കുന്നതു്.

മേൽ പ്രസ്താവിച്ചതിൽ നിന്നും വിശദമാകുന്ന ഒരു കാര്യം, ഇന്നു പ്രാബല്യത്തിലിരിക്കുന്ന ജനകീയ ഗവൺമെൻറുകളിലെ വിവിധ ഭരണവകുപ്പുകളിലെല്ലാം നടപ്പിലാക്കുന്ന നിയമങ്ങളും, ജനപ്രതിനിധി സഭയിൽ പാസ്സാക്കപ്പെടുന്നവയാണെന്നുള്ളതാണു്.

എന്നാൽ ജനപ്രതിനിധികൾ ഭരണകാര്യത്തിൽ പ്രത്യേക പരിശീലനം സിദ്ധിച്ചിട്ടുള്ളവരല്ലെന്നുള്ള കാര്യം നാം വിസ്മരിച്ചുകൂടാ. നാലുകൊല്ലത്തിലൊരിക്കൽ നടക്കുന്ന രാഷ്ട്രീയ തിരഞ്ഞെടുപ്പിൽ വിജയം സിദ്ധിക്കുന്ന അനുദ്യോഗസ്ഥരാണല്ലോ മന്ത്രിസഭയിൽ സ്ഥാനം സ്വീകരിക്കുന്നതു്. ആകയാൽ അവർക്കു ഭരണപാടവമാകട്ടെ, ദീർഘകാലസേവന സൗകര്യമാകട്ടെ, കിട്ടാനിടയില്ല. അങ്ങനെയുള്ള മന്ത്രിമാരെ ഓരോ ഭരണവകുപ്പിൻെറയും അഗ്രിമസ്ഥാനത്തു വയ്ക്കുന്നതുമൂലം, ഭരണകാര്യങ്ങൾ കുഴയാതിരിക്കുന്നതിനുവേണ്ടിയാണു്, ഓരോ രാജ്യത്തിലും, വിദഗ്ധന്മാരായ ആളുകളെ സിവിൽ സർവ്വീസിൽ നിയമിച്ചുവരുന്നതു്. സമർത്ഥരും സ്ഥിരപരിശ്രമികളുമായ യുവജനങ്ങൾക്കു മാത്രമേ അതിൽ പ്രവേശനം ലഭിക്കുവാൻ സാധിക്കൂ. അവർക്കു പിന്നീടു് ഉദ്യോഗക്കയറ്റങ്ങൾ ലഭിക്കുന്നതു്, അവർ ജോലിയിൽ പ്രദർശിപ്പിക്കുന്ന സാമർത്ഥ്യമനുസരിച്ചിരിക്കും. ആകയാൽ ഓരോ ഭരണവകുപ്പിൻെറയും ദൈനംദിന പ്രവർത്തനങ്ങൾ നടത്തുന്നതു് വിദഗ്ധന്മാരായ ഈ സിവിലുദ്യോഗസ്ഥന്മാരാണു്. അവരുടെ സാങ്കേതിക പ്രവർത്തനങ്ങളിൽ പ്രവേശിക്കുവാൻ മന്ത്രിമാർക്കവകാശമേയില്ല. അങ്ങനെ ചെയ്യുന്നപക്ഷം ഭരണവകുപ്പുകളുടെ കാര്യക്ഷമത നശിച്ചുപോകുകയേ ഉള്ളൂ. പൊതുനയങ്ങൾ രൂപവൽക്കരിക്കുന്നതിനും, ജനഹിതാനുകൂലമായ നിയമങ്ങൾ നടപ്പിലാക്കുന്നതിനും മാത്രം വേണ്ടിയാണു് ജനകീയമന്ത്രിമാരെ വിവിധ ഡിപ്പാർട്ടുമെൻറുകളുടെ അഗ്രിമസ്ഥാനത്തിൽ വച്ചുകൊണ്ടിരിക്കുന്നതു്.

ചോദ്യങ്ങൾ.

1. മന്ത്രിസഭയെ തിരഞ്ഞെടുക്കുന്ന വിധം വിവരിക്കുക.
2. പ്രധാനപ്പെട്ട ഭരണവകുപ്പുകളേതെല്ലാം? അവയുടെ ഭരണം നടത്തുന്നതിൽ സിവിൽ ഉദ്യോഗസ്ഥന്മാരുടെ ചുമതല എന്ത്? മന്ത്രിമാരുടെ ചുമതല എന്ത്?

അദ്ധ്യായം 8.

നിയമങ്ങളെ അനുസരിപ്പിക്കുന്ന വിധം.

ജനപ്രതിനിധിസഭക്കുടി നിയമങ്ങൾ പാസ്സാക്കുന്നുവെന്നും, വിവിധ ഭരണവകുപ്പുകൾപ്രസ്തുതനിയമങ്ങൾ പ്രയോഗത്തിൽ വരുത്തുന്നുവെന്നും, നാം മുൻഅദ്ധ്യായങ്ങളിൽ വിവരിച്ചിട്ടുണ്ടു്. എന്നാൽ പൌരന്മാർ പ്രസ്തുതനിയമങ്ങളെ അനുസരിക്കാതെയിരിക്കുന്നപക്ഷം, അവയൊക്കയും കേവലം നിഷ്പ്രയോജനമാകാതെ തരമില്ല. ആകയാൽ രാജ്യനിയമങ്ങളെ, എല്ലാവരെക്കൊണ്ടും അനുസരിപ്പിക്കുന്നതിനുവേണ്ട അധികാരവും ശക്തിയും, ഒരു രാഷ്ട്രത്തിനുണ്ടായിരിക്കേണ്ടതാണു്. നീതിന്യായവകുപ്പിന്റെയും, പോലീസ് ഡിപ്പാർട്ടുമെന്റിന്റെയും, പ്രത്യേകഉദ്ദേശ്യം ഇതാണു്.

നിയമങ്ങൾ രണ്ടുവകയുണ്ടു്. അവയിൽ ഒരുവകയുടെ പേരു് (Common Laws) അഥവാ സാമാന്യനിയമങ്ങളെന്നും, മറ്റൊന്നിന്റെ പേരു് (Statute Laws) സ്റ്റാച്ച്യൂട്ടു് നിയമങ്ങളെന്നുമാണു്. കൊലപാതകം, മോഷണം, അക്രമം, മുതലായവ കുറ്റകരമാണെന്നുള്ളതു്, സകല മനുഷ്യർക്കും ബോധ്യമാണു്. അവയുടെ ഗൌരവപ്രമാണമനുസരിച്ചുള്ള ശിക്ഷകൾ ഏതുവിധത്തിലിരിക്കണമെന്നുള്ളതു്, അനേക ശതാബ്ദകാലമായി, പരിഷ്കൃത ദേശങ്ങളിലെ ന്യായാധിപന്മാർ, നിർണ്ണയിച്ചിട്ടുള്ളതുമാണു്.

ആവക നിർദ്ദേശങ്ങളും പരിഷ്കൃതരാജ്യങ്ങളിലെല്ലാം നിലവിലിരിക്കുന്ന നിയമാവലിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അവയെയാണ് സാമാന്യനിയമങ്ങളും എന്നു വിളിച്ചുവരുന്നതു്. ജനപ്രതിനിധിസഭകളും അവയിൽ കൈകടത്തുക പതിവില്ല. പക്ഷേ അപ്പോഴപ്പോൾ ഉദിച്ചുവരുന്ന സാമൂഹ്യപ്രശ്നങ്ങളെപ്പറ്റി നിയമങ്ങളും പാസ്സാക്കുകയെന്നുള്ളതു്, ജനപ്രതിനിധികളുടെ കർത്തവ്യമത്രേ. ഉദാഹരണമായി, കൽക്കരിഖനികളിൽ, എട്ടുമണിക്കൂറിൽക്കൂടുതൽ, തൊഴിലാളികളും ജോലിചെയ്യരുതെന്നൊരു നിയമം ഇപ്പോൾ എല്ലാ പരിഷ്കൃതദേശങ്ങളിലും നിലവിലിരിക്കുന്നു. ഇതു് ജനപ്രതിനിധിസഭകളും മുഖേന പാസ്സാക്കിയിട്ടുള്ള ഒരു നിയമമാണു്. ആ നിയമത്തെ ലംഘിക്കുന്നപക്ഷം അതു ശിക്ഷാർഹമത്രേ. എങ്കിലും, ഒരു തൊഴിലാളി സ്വമനസ്സാലെ, ഒൻപതോ പത്തോ മണിക്കൂർ ഒരു ഖനിയിൽ വേലചെയ്യുന്നപക്ഷം, അതു് കൊലപാതകമൊ, അടികലശലോ പോലെതന്നെ തെറ്റായ ഒരു പ്രവൃത്തിയല്ല. നിയമസഭകളും അപ്പോഴപ്പോൾ പാസ്സാക്കുന്ന ഈട്ടശനിയമങ്ങളെയാണു് സ്റ്റാച്ച്യൂട്ടനിയമങ്ങളെന്നു വിളിക്കുന്നതു്. ഈ രണ്ടിനത്തിലുമുള്ള നിയമലംഘനങ്ങളെയും തടയുന്നതിനു വേണ്ട സകല മുൻകരുതലുകളും, എല്ലാപരിഷ്കൃതഗവൺമെൻറുകളും ചെയ്യുവരുന്നുണ്ടു്. കുബേരന്മാരും, കുചേലന്മാരും, ശക്തന്മാരും, ബലഹീനന്മാരും, ഒന്നുപോലെ ഈ രാജ്യനിയമങ്ങൾക്കു വിധേയരത്രേ. രാജകുമാരന്മാരായാലും, വൻപിച്ച ഉദ്യോഗസ്ഥന്മാരായാലും, പ്രഭുക്കന്മാരായാലുംശരി, എല്ലാവരും നിയമമട്ടിലിയിൽ തുല്യരത്രേ.

സ്ഥാവരവസ്തുക്കൾ, പണംകൊടുക്കൽ വാങ്ങൽ, മുതലായവയെ സംബന്ധിച്ച തർക്കങ്ങളെ സിവിൽകേസുകളെന്നും, ആക്രമം, അടിപിടി, കൊലപാതകം, മോഷണം, എന്നിവയെപ്പറ്റിയുള്ള വാദങ്ങളെ ക്രിമിനൽ കേസുകളെന്നും, വിളിച്ചുവരുന്നു. സിവിൽകേസുകളെ വിസ്തരിച്ചു്, രക്ഷാശിക്ഷകൾ നടത്തുന്നതിനും, ക്രിമിനൽ കേസുകൾ വിസ്തരിച്ചു തീരുമാനിക്കുന്നതിനും, പ്രത്യേകം പ്രത്യേകം ന്യായാധിപന്മാരുണ്ടു്. ഹൈക്കോടതികളിൽ

ഈ രണ്ടു വിധത്തിലുള്ള കേസുകളുടെയും അപ്പീൽ വിചാരണകൾ കേൾക്കുമെന്നായുള്ളു.

(Every man is considered innocent, until he is proved guilty.) കുറ്റം ചെയ്തതായി തെളിയിക്കപ്പെട്ടിട്ടുവരെ, സകലരെയും നിർദ്ദോഷികളായി പരിഗണിക്കണമെന്നാണു്, ബ്രിട്ടീഷു് നിയമം അനുശാസിക്കുന്നതു്. ആ അഭിപ്രായമാണു്, ഇൻഡ്യ തുടങ്ങിയ പല പരിഷ്കൃതരാജ്യങ്ങളിലും ഇന്നും പ്രാബല്യത്തിലിരിക്കുന്നതു്. ഒരാൾ മോഷ്ടിച്ചതായി സംശയമുണ്ടായിരിക്കുകയും, അയാളെ തൊണ്ടിസഹിതം പിടിക്കുകയും ചെയ്തു, എന്നിരിക്കട്ടെ. എന്നാൽതന്നെയും മതിയായ തെളിവുശേഖരിക്കുകയും, നിഷ്പക്ഷമായ വിചാരണ നടത്തുകയും, പ്രതിയുടെ വാദംകേൾക്കുകയും ചെയ്യാതെ, അയാളെ ശിക്ഷിക്കുവാൻ നിയമം അനുവദിക്കുന്നില്ല. നിർദ്ദോഷിയായ ഒരാളെ ശിക്ഷ ഏല്പിക്കുന്നതു് ഒരിക്കലും അനുവദിക്കത്തക്കതല്ല, എന്നാണു പ്രമാണം. ആകയാൽ കേസുകൾ കേട്ടതീരുമാനിക്കുന്നതിനായി, ആദ്യകോടതി ക്രടാതെ, രണ്ടു അപ്പീൽ കോടതികൾക്രടി എങ്കിലും പരിഷ്കൃതരാജ്യങ്ങളിൽ നിലവിലിരിക്കുന്നു. ഓരോ പ്രവിശ്യകളിലുമുള്ള ഹൈക്കോടതികൾക്രടാതെ, ഇൻഡ്യയ്ക്കു പൊതുവായി ഒരു ഫെഡറൽ കോടതിയുമുണ്ടു്.

മേൽപറഞ്ഞ കോടതികൾ പ്രായപൂർത്തിയായിട്ടുള്ളവരെക്കൊണ്ടു് രാജ്യനിയമങ്ങൾ അനുസരിപ്പിക്കുന്നതിനാണു്. എന്നാൽ പ്രായപൂർത്തിയാകാത്ത ബാലന്മാരും ബാലികമാരും ചിലപ്പോഴൊക്കെ നിയമലംഘനം ചെയ്തു എന്നുവരാം. അവരെക്കൊണ്ടു് നിയമങ്ങൾ അനുസരിപ്പിക്കുന്നതിനും, അവരുടെ ദുർഗ്ഗുണങ്ങൾ, യഥാവിധി, പരിഹരിച്ചു്, അവരെ കഴിയുന്നത്ര ഉത്തമ പൌരന്മാരാക്കിത്തീർക്കുന്നതിനും, രാഷ്ട്രത്തിനു ചുമതലയുണ്ടു്. ഈ ഉദ്ദേശ്യത്തോടുക്രടിയാണു് (Reformatories) ദുർഗ്ഗുണപരിഹാരപാഠശാലകൾ സ്ഥാപിക്കപ്പെട്ടിട്ടുള്ളതു്. ആവക പാഠശാലകളിൽ കുറ്റക്കാരായ കുട്ടികളെ താമസിപ്പിക്കുകയും, ഓരോ തൊഴിലുകൾ അവരെ അഭ്യസിപ്പിക്കുകയും ചെയ്തുവരുന്നു. അങ്ങനെ അവർ കാലക്രമേണ സന്മാർഗ്ഗ

നീഷ്യയുള്ള നല്ല പൌരന്മാരായിത്തീരുമെന്നാണ് പ്രതീക്ഷ.

നിയമങ്ങളെ അനുസരിപ്പിക്കുന്ന വിഷയത്തിൽ, ജഡ്ജിമാരുടെയും, മജിസ്ട്രേട്ടന്മാരുടെയും വലത്തുകൈയായി പ്രവത്തിക്കുന്നത് പോലീസുദ്യോഗസ്ഥന്മാരാകുന്നു. അവർ രാത്രികാലങ്ങളിൽ തെരുവീഥികളിൽ ചുറ്റിസഞ്ചരിക്കുകയും, തസ്കരന്മാരുടെ ശല്യങ്ങളിൽനിന്നും പൌരജനങ്ങളെ സംരക്ഷിക്കുകയും ചെയ്യുന്നു. അതുപോലെതന്നെ അവർ കുറ്റവാളികളെ അറസ്റ്റുചെയ്ത്, ന്യായാധിപന്മാരുടെ സമക്ഷം ഹാജരാക്കുകയും, പൌരന്മാരുടെ അവകാശങ്ങളെ മൊത്തത്തിൽ സംരക്ഷിക്കുകയും ചെയ്തുവരുന്നു. ആംഗലേയരുള്ള ലണ്ടൻ, ബോംബെ, കൽക്കട്ടാ, മദ്രാസ് എന്നീ നഗരവീഥികളിൽ വാഹനനിയന്ത്രണം നിർവ്വഹിക്കുന്നത് പോലീസുകാരുടെ ഒരു പ്രധാന കൃത്യമായിതീർന്നിട്ടുണ്ട്. സാക്ഷാൽ പോലീസുദ്യോഗസ്ഥന്മാരെക്രൂടാതെയുള്ള ജീവിതം ഇപ്പോൾ അചിന്ത്യമായിതീർന്നിട്ടുണ്ട്. അവരാണ് സാക്ഷാൽ നിയമങ്ങളെ അനുസരിപ്പിക്കുന്നതിൽ പ്രധാന ചുമതല വഹിക്കുന്നത്.

ചോദ്യങ്ങൾ.

1. നിയമങ്ങൾ എത്ര വിധം? അവ തമ്മിലുള്ള വ്യത്യാസം എന്ത്?
2. നിയമങ്ങൾ അനുസരിപ്പിക്കുന്നതിനുവേണ്ടി ന്യായാധിപന്മാർ എന്തു ചെയ്യുന്നു?
3. ആ വിഷയത്തിൽ പോലീസുകാർ ചെയ്യുന്ന ജോലി എന്ത്?

അദ്ധ്യായം ൬

ചില നിയമങ്ങളെപ്പറ്റിയുള്ള പഠനം

പരിഷ്കൃത രാജ്യങ്ങളിൽ പലവിധത്തിലുള്ള നിയമങ്ങൾ നിലവിലിരിക്കുന്നതായി നമുക്കറിയാം. ഉദാഹരണമായി, ശത്രുക്കളുടെ ആക്രമണങ്ങളിൽനിന്നും രാജ്യരക്ഷ നേടുന്നതിനു്, സുശക്തമായ ഒരു നാവികപ്പടയും കരസൈന്യവും വിമാനസേനയും ഓരോ രാഷ്ട്രവും സൂക്ഷിച്ചുവരുന്നു. അവയുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നതിനും ക്രമീകരിക്കുന്നതിനും പര്യാപ്തമായ ചില നിയമാവലികൾ ആവശ്യമാണല്ലോ. അവയെ സൈനികനിയമങ്ങൾ എന്നു നാമകരണംചെയ്യാം. അതുപോലെതന്നെ ഓരോരാജ്യത്തിലുള്ള ശാന്തശീലരായ പൌരജനങ്ങളുടെ ജീവനേയും വസ്തുവകകളേയും സംരക്ഷിച്ചുകൊണ്ടുപോകുന്നതിനു്, വേറൊരുവക നിയമാവലി ആവശ്യമാണു്. ആവക നിയമങ്ങളെ പ്രവൃത്തിപഥത്തിൽ കൊണ്ടുവരുന്നതു്, പോലീസുദ്യോഗസ്ഥന്മാരും ന്യായാധിപന്മാരുമാണു്. അക്രമം അടികലശൽ കൊലപാതകം ഇവയെ നിരോധിക്കുന്ന നിയമങ്ങൾക്കു ശിക്ഷാനിയമങ്ങൾ (Penal Laws) എന്നു പേർ. അവയുടെ അടിസ്ഥാനം, മനുഷ്യവംശത്തിന്റെ ധാർമ്മികബോധവും, മുൻകാലങ്ങളിൽ ന്യായാധിപന്മാർ രേഖപ്പെടുത്തിയിട്ടുള്ള വിധികളുമാണു്. ജനബാഹുല്യമുള്ള ഒരു പരിഷ്കൃതഭൂവിഭാഗത്തിൽ നല്ല റോഡുകളും, ആസ്പത്രികളും, വഴിവിളക്കുകളും, അഗ്നിശമനയന്ത്രങ്ങളും, സജ്ജീകരിച്ചിട്ടേക്കേണ്ട ആവശ്യകത ഉണ്ടാകും. അങ്ങനെയുള്ള കാര്യങ്ങളെ നിയന്ത്രിക്കുന്ന നിയമങ്ങൾക്കു മുനിസിപ്പൽനിയമങ്ങൾ എന്നാണു പേരു്. അവയെ ലംഘിക്കാതെ സൂക്ഷിക്കുന്നതിൽ ഗവൺമെൻറുകൾ ബദ്ധശ്രദ്ധരത്രേ.

എന്നാൽ മേല്പറഞ്ഞ നിയമങ്ങളെപ്പോലെ അത്ര വിശദവും സ്പഷ്ടവുമല്ലാത്ത വേറെ പല നിയമങ്ങളും ആധുനികരാഷ്ട്രങ്ങളിൽ നമുക്കു കാണാ

വാൻ കഴിയും. അവ മനുഷ്യന്റെ ആരോഗ്യത്തെയും ധനത്തെയും വിജ്ഞാനത്തെയും സംരക്ഷിക്കുകയും അഭിവൃദ്ധിപ്പെടുത്തുകയും ചെയ്യുന്നതിനുള്ള രാജ്യനിയമങ്ങളാണു്. സാക്ഷാൽ പൌരന്മാരുടെ ആരോഗ്യത്തെ ഹനിക്കുന്ന രോഗങ്ങളും, അവരുടെ ധനശേഷിയെ നശിപ്പിക്കുന്ന ദാരിദ്ര്യവും, അവക്കു വേണ്ടതായഅറിവിനെ തടയുന്ന നിരക്ഷരതാവും, ഒരു ജനസഞ്ചയത്തിന്റെ സക്ഷാൽ ജന്മശത്രുക്കളാണു്. ബാഹ്യശത്രുക്കളിൽനിന്നും ഉണ്ടാകാവുന്ന യുദ്ധങ്ങളാകട്ടെ ബോംബാക്രമണങ്ങളാകട്ടെ, ഇവയോടു തട്ടിച്ചുനോക്കിയാൽ, കേവലം നിസ്സാരങ്ങളത്രെ. ആകയാൽ എല്ലാ പരിഷ്കൃതദേശങ്ങളിലും, ആരോഗ്യസംരക്ഷണത്തിനും, ദാരിദ്ര്യനിവാരണത്തിനും, വിദ്യാഭ്യാസവർദ്ധനവിനും വേണ്ടിയുള്ള നിയമങ്ങൾ അടിക്കടി പാസ്സാക്കിക്കൊണ്ടിരിക്കുന്നതായി നമുക്കു കാണാം.

ആദ്യമായി നമുക്കു് പരിഷ്കൃതദേശങ്ങളിൽ നിലവിലിരിക്കുന്ന ചില ആരോഗ്യസംരക്ഷണനിയമങ്ങളെ പരിശോധിക്കാം. മസൂരി, വിഷൂചിക, വിഷമജ്വരം, പ്ലേഗ് മുതലായ രോഗങ്ങൾ ഒരു പൌരനു പിടിപെട്ടാൽ പക്ഷം, അതു വേഗത്തിൽ സംക്രമിച്ചു്, അയൽവാസികളെക്കൂടി, ആപത്തിലാക്കുമെന്നുള്ളതു പ്രസിദ്ധമാണല്ലോ. ആകയാൽ അങ്ങനെയുള്ള രോഗങ്ങൾ പിടിപെടാതെ സൂക്ഷിക്കേണ്ടതു് രാജ്യരക്ഷക്കത്യാവശ്യമത്രേ. അഥവാ നിർഭാഗ്യവശാൽ ആർക്കെങ്കിലും അവ പിടിപെട്ടാൽ പക്ഷം, അവ സംക്രമിക്കാതെയിരിക്കുവാൻ വേണ്ടപ്പെട്ട നിയമങ്ങൾ നിർമ്മിക്കുന്നതും, രാജ്യരക്ഷക്കു് അത്യാവശ്യമാണു്. ആകയാലാണു് ഈവക രോഗങ്ങൾ ഉണ്ടാകാതെയിരിക്കുവാൻവേണ്ടി, കുത്തിവെപ്പു നടത്തണമെന്നും, ഗൃഹപരിസരങ്ങൾ ശുചിയായി സൂക്ഷിക്കണമെന്നും, സക്കാരിൽ നിന്നും നിഷ്കർഷിച്ചുകൊണ്ടു് നിയമങ്ങൾ പാസ്സാക്കുക പതിവായി തീർന്നിട്ടുള്ളതു്. ഈവക രാജ്യനിയമങ്ങൾ കണിശമായി പരിപാലിച്ചുവരുന്ന ദേശങ്ങളിൽ സാംക്രമികരോഗങ്ങൾ ഇപ്പോൾ വളരെ ചുരുക്കമായിട്ടുമാത്രമേ ഉണ്ടാകാറുള്ളൂ. ഓരോ മുനിസിപ്പൽനഗരങ്ങ

ളിലും സാനിട്ടറി ഇൻസ്പെക്ടറന്മാരെ ഇപ്പോൾ നിയമിച്ചുവരുന്നതു്, ഈ ആരോഗ്യനിയമങ്ങളെ ഊർജ്ജിതത്തിൽ വരുത്തുന്നതിനുവേണ്ടിയാണു്. അതുപോലെതന്നെ സാംക്രമികരോഗങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിനും, പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനും വേണ്ടി, താലൂക്കുകൾതോറും മെഡിക്കൽ ആഫീസറന്മാരെ പരിഷ്കൃതരാഷ്ട്രങ്ങൾ നിയമിച്ചുവരുന്നു. പൌരന്മാരെ അനാരോഗ്യതയിൽനിന്നും സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള ഈദൃശനടപടികളിൽ, ഓരോ പൌരനും, ആത്മാർത്ഥമായി സഹകരിക്കേണ്ടതാണു്. പൊതുജനങ്ങളുടെ സൌഖ്യജീവിതത്തിൽ സർക്കാരുദ്യോഗസ്ഥന്മാർ കൈകടത്തുന്നതിനെപ്പറ്റി ആവലാതിപറയുന്ന ആളുകളുണ്ടാവാം. എന്നാൽ സാനിട്ടറി ഇൻസ്പെക്ടറന്മാരും മെഡിക്കൽ ഉദ്യോഗസ്ഥന്മാരും തങ്ങളുടെ കൃത്യങ്ങൾ അനുഷ്ഠിക്കുന്നതു് തങ്ങളുടെ രാജ്യത്തെയും സഹപൌരന്മാരെയും മനപൂർവ്വം സഹായിക്കുവാനാണെന്നുള്ള കാര്യം ആരും വിസ്മരിച്ചുകൂടാ. അവർ രാജ്യനിയമങ്ങളെ പ്രാവർത്തികമാക്കുന്നതുമൂലം സംജാതമാകുന്ന അസൌകര്യങ്ങൾ ത്യാഗസന്നദ്ധതയോടുകൂടി സഹിക്കുക എന്നതു്, ഓരോ പൌരന്റേയും ധർമ്മമാണെന്നു നാം ഗ്രഹിക്കേണ്ടതാണു്.

ആധുനികഭാരതത്തിലെ പൊതുജനാരോഗ്യസ്ഥിതി തുലോം അതൃപ്തികരമത്രെ. ഇവിടത്തെ ജനനനിരക്കു് 33.7 ശതമാനവും, മരണനിരക്കു 21 ശതമാനവും, ശിശുമരണനിരക്കു് 16.7 ശതമാനവുമാണു്. ഇവ മറ്റുരാജ്യങ്ങളെ അപേക്ഷിച്ചു് വളരെ കൂടുതലായിരിക്കുന്നു. ഇവിടത്തെ ശരാശരി ജീവിതദൈർഘ്യം 27 വയസ്സത്രെ. അന്യാപേക്ഷയാ, ഇതു വളരെ ഹ്രസ്വമായിരിക്കുന്നു. ഇവയെല്ലാം ഭാരതീയരുടെ ആരോഗ്യക്കുറവിനെയും, ആരോഗ്യവിഷയത്തിലുള്ള അശ്രദ്ധയേയുമാണു് കുറിക്കുന്നതു്. ഈ ദുസ്ഥിതിയെ പരിഹരിക്കുന്നതിനുവേണ്ടി, സ്വതന്ത്രഭാരതത്തിലെ ഭരണാധികാരികൾ ഇപ്പോൾ ദത്തശ്രദ്ധരായിരിക്കുകയാണു്. ആയതിനുവേണ്ട കൂടുതൽ നിയമങ്ങൾ ഇൻഡ്യൻപാർല്യമെൻറിൽ പാസ്സാക്കപ്പെട്ടിന്നതുമാണു്.

ഇൻഡ്യയിലുള്ള ഓരോ ഗ്രാമത്തിലും ഓരോ ആശു പത്രികൾവീതം സ്ഥാപിക്കണമെന്നും, അവയിലോരോ ന്നിലും ഓരോ ഡാക്ടറെയും, ഓരോ നേഴ്സിനെയും, ഓരോ സൂതികമ്മിണിയേയും, നിയമിക്കണമെന്നും, തന്മൂലം പകർച്ചവ്യാധികളെ തടയുന്നതിനും, പ്രസവശു ശ്രൂഷകൾ നടത്തുന്നതിനും, സാധിക്കുമെന്നുമാണ് അഭി ജ്ഞന്മാർ അഭിപ്രായപ്പെടുന്നത്.

വിഷൂചിക, മസൂരി, പ്ലേഗ്, തുടങ്ങിയ സാംക്രമി കരോഗങ്ങൾ ബാധിച്ചിട്ടുള്ള ആളുകൾ യഥേഷ്ടം അങ്ങു മിങ്ങും സഞ്ചരിക്കുന്നപക്ഷം, അവർ രോഗബീജങ്ങളെ പല സ്ഥലങ്ങളിലും വ്യാപിപ്പിക്കുവാനിടയുണ്ട്. ആ കാ രണത്താൽ അങ്ങനെയുള്ളവർ, സ്വമനസ്സാ അവരുടെ സ ഞ്ചാരം നിർത്തിവയ്ക്കേണ്ടതാവശ്യമാണ്. യഥാർത്ഥപൌ രാവബോധം ഉള്ള ജനങ്ങൾക്കു മാത്രമേ ഇതു സാധിക്കു കയുള്ളൂ. അങ്ങനെയുള്ള ചില വീരപുരുഷന്മാർ ഒരു ശതാ ബ്ദക്കാലത്തിനുമുൻപു് ഇംഗ്ലണ്ടിൽ ഈയാം (Heroes of Eyam) എന്ന ഉൾനാടൻപ്രദേശത്തു് ജീവിച്ചിരുന്നു. അവരുടെ ശ്മശാനസ്മാരകങ്ങൾ ഇന്നും നമുക്കവിടെ കാണാവുന്നതാണ്. അവരുടെ കഥ അത്യന്തം രസാവഹമ ത്രേ. ലണ്ടനിൽ നിന്നും ഈ ഗ്രാമത്തിലെ ഒരു തയ്യൽക്കാ രൻ വരുത്തിയ ചില തുണിത്തരങ്ങൾ വഴി, അവിടെ പ്ലേഗ്രോഗത്തിന്റെ അണുക്കൾ പ്രചരിച്ചു. അക്കാലത്തു അവിടെ പ്ലേഗ്രോഗബാധിതരെ വേർതിരിച്ചു താമസി പ്പിക്കുന്നതിനു് പ്രത്യേകം സജ്ജീകരണങ്ങളൊന്നുമില്ലാ യിരുന്നു. പ്ലേഗ്രോഗം പ്രചരിച്ചുതുടങ്ങിയതോടുകൂടി, രോഗം പിടിപെടാത്തവർ സ്ഥലം വിടുവാൻ വളരെ തി ടുക്കംകൂട്ടി. ഈ വാർത്ത ഗ്രാമത്തിലെ പട്ടക്കാരൻ കേട്ട പ്പോൾ അദ്ദേഹം അവരുടെ ഉദ്യമത്തെ തടയുകയുണ്ടാ യി. "നിങ്ങൾ ഭയപ്പെട്ടു സ്ഥലം വിടുന്നപക്ഷം നിങ്ങൾ മരണത്തിന്റെ വിത്തുകളെ നാടൊട്ടുക്കു വിതക്കുകയാ യിരിക്കും ചെയ്യുന്നതു്. എന്നുതന്നെയുമല്ല നിങ്ങളുടെ സ്വന്ത ജീവനെ രക്ഷിക്കുന്നതിനുപോലും അതുമൂലം നി ങ്ങൾക്കു സാധിക്കുന്നതുമല്ല." എന്നു് അവരെ അദ്ദേഹം ശക്തിയുക്തം ഉൽബോധിപ്പിച്ചു. ഈയാം ഗ്രാമവാസി

കൾ അദ്ദേഹത്തെ അക്ഷരശ്ശ: അനുസരിച്ചു. വല്ലവരും സ്വഗ്രാമം വിട്ടുപോയെങ്കിലോ എന്നു ഭയന്നു് അവർ തങ്ങളുടെ ഗ്രാമത്തിനുചുറ്റിലും കാവലിട്ടുകയും ചെയ്തു. അങ്ങനെ അവരുടെ ഈ പൌരാവബോധത്തിന്റെ ഫലമായി അവരിൽ വലിയൊരുഭാഗം സ്വദേശത്തുതന്നെ മരണം കൈവരിക്കുകയുണ്ടായി. പക്ഷേ തന്മൂലം അവർക്കു മറ്റനേകം ജനങ്ങളെ പ്ലേഗുബാധയിൽനിന്നും രക്ഷിക്കുവാൻ സാധിച്ചു. അവരുടെ ഈ ധീരോദാത്തതനുമൊക്കെല്ലാം അനുകരണയോഗ്യമായ ഒരു ഗുണമത്രേ.

എന്നാൽ ആരോഗ്യപരിപാലനം പോലെതന്നെ അത്യാവശ്യമായ വേറൊരു സംഗതിയാണു് പൌരജനങ്ങളുടെ അജ്ഞതയെ ദൂരീകരിക്കുന്നതും. പത്തുവയസ്സിനുമേൽ പ്രായമുള്ള സകല വ്യക്തികൾക്കും സാമാന്യവിദ്യാഭ്യാസമെങ്കിലും ഉണ്ടായിരിക്കേണ്ടതാണു്. എന്നാൽ മാത്രമേ അവരുടെ ബുദ്ധി വികസിക്കുന്നതിനും, അവർ പൌരധർമ്മങ്ങൾ അനുഷ്ഠിക്കുന്നതിനും, കാലയാപനം യഥായോഗ്യം നിർവ്വഹിക്കുന്നതിനും, സാധിക്കുകയുള്ളൂ. അക്കാരണത്താൽ ഇന്നത്തെ സകല രാഷ്ട്രങ്ങളും തങ്ങളുടെ പൌരന്മാർക്കു് നിർബന്ധിത സൌജന്യ വിദ്യാഭ്യാസം നൽകുന്നതിലേക്കുവേണ്ട നിയമങ്ങൾ പാസ്സാക്കിവരുന്നു. ഈ നിയമം ജനപ്രതിനിധികൾ വഴിയാണു് പാസ്സാക്കപ്പെട്ടുന്നതു്. അതു രാജ്യരക്ഷക്കത്യാവശ്യമായതുകൊണ്ടു് അതിനെയും പൌരന്മാർ അവശ്യം അനുസരിക്കേണ്ടതാണു്.

ചോദ്യങ്ങൾ

1. സൈനികനിയമങ്ങൾ, ശിക്ഷാനിയമങ്ങൾ, മുനിസിപ്പൽനിയമങ്ങൾ ഇവയുടെ ആവശ്യകത എന്തു്?
2. ആരോഗ്യസംരക്ഷണത്തിനുവേണ്ടി പരിഷ്കൃതരാജ്യങ്ങളിൽ നിലവിലിരിക്കുന്ന ചില നിയമങ്ങളെ വിവരിക്കുക.
3. ഈയാം ഗ്രാമവാസികളുടെ മാതൃകയിൽനിന്നും എന്തു ഗുണപാഠം നമുക്കു പഠിക്കാം?

അദ്ധ്യായം ൩.

രാഷ്ട്രത്തിന്റെ അധികാരവികാസം.

കഴിഞ്ഞ ഒന്നരണ്ടു ശതാബ്ദത്തിനു മുൻപു നിലവിലിരുന്ന രാഷ്ട്രീയപ്രമാണം, രാഷ്ട്രം വ്യക്തികളുടെ ദൈനംദിനജീവിതത്തിൽ കൈകടത്തരുതെന്നായിരുന്നു. പൌരന്മാരുടെ വ്യക്തിസ്വാതന്ത്ര്യത്തെ കഴിയുന്നത്ര കുറച്ചു മാത്രമേ രാഷ്ട്രം സ്പർശിക്കാവൂ എന്നായിരുന്ന അക്കാലത്തെ രാജ്യമീമാംസകന്മാർ ശക്തിയായി ഉൽബോധിപ്പിച്ചിരുന്നതു്. അവരിൽ പ്രധാനി, ഫ്രാൻസിലെ ഒരു ധനകാര്യമന്ത്രിയായിരുന്ന (Turgot) ടർഗോ എന്ന മഹാനായിരുന്നു. "ജനങ്ങളം അവരുടെ ഇഷ്ടാനുസരണം പ്രവത്തിച്ചുകൊള്ളട്ടെ. അപ്പോൾ സകലതും നേരേവരും" എന്നു് അദ്ദേഹം പലപ്പോഴും ഫ്രഞ്ചുഭാഷയിൽ പറയുക പതിവായിരുന്നു. ഈ വാക്യത്തിന്റെ ആദ്യഭാഗമായ Laissez Faire എന്ന പദം ഇപ്പോൾ ഈ സിദ്ധാന്തത്തിന്റെ പേരായിതീർന്നിട്ടുണ്ടു്. ഈ വ്യക്തിസ്വാതന്ത്ര്യസിദ്ധാന്തത്തിനു്, "പോലീസുകാരൻ രാഷ്ട്രസിദ്ധാന്തം" (Policeman Theory of State) എന്നൊരു പേരുകൂടി സിദ്ധിച്ചിട്ടുണ്ടു്. ക്രമസമാധാനങ്ങളം പാലിച്ചു്, സമുദായമദ്ധ്യത്തിൽ വ്യക്തിസ്വാതന്ത്ര്യം വർദ്ധിപ്പിക്കുന്നതിനുമാത്രമേ രാഷ്ട്രത്തിനധികാരമുള്ളു എന്നാണു് ഇതിലടങ്ങിയിരിക്കുന്ന സാരാംശം.

പക്ഷേ ഇക്കാലത്തു് ഈ അഭിപ്രായം പാടേ മാറിയാണു് വരുന്നതു്. രാഷ്ട്രത്തിനു ക്രമസമാധാനങ്ങൾ പാലിക്കുന്നതിനു പുറമേയുണ്ടെന്നുള്ളതു് അനിഷേധ്യമായ ഒരു സംഗതിയാണു്. എന്നാൽ അതുകൊണ്ടു മാത്രം പൌരന്മാരുടെ ക്ഷേമം കൈവരികയില്ലെന്നുള്ളതു സ്പഷ്ടമാണു്. രാഷ്ട്രത്തിനു വേറെയും പല ചുമതലകൾ വഹിക്കേണ്ടതുണ്ടു്. കൃഷി, കച്ചവടം, വ്യവസായം ഇവയെ പ്രോത്സാഹിപ്പിക്കുക, കയറ്റുമതി ഇറക്കുമതി ചുങ്കങ്ങൾ ഏർപ്പെടുത്തുക, നാണയങ്ങൾ മുദ്രണംചെയ്യുക, ശ

തിയായ തുക്കങ്ങളും അളവുകളും ഏർപ്പെടുത്തുക, വ്യാപാര ലൈസൻസുകൾ കൊടുക്കുക, പൊതുജനോപകാരപ്രദമായ ഗതാഗതമാർഗ്ഗങ്ങളും വാഹനങ്ങളും നടത്തുക, കമ്പി, തപാൽ, ടെലഫോൺ, കമ്പിയില്ലാക്കമ്പി, മുതലായ ആശയവിനിമയപദ്ധതികൾ നടപ്പിലാക്കുക, ഇലക്ട്രിസിറ്റി, ഗ്യാസ് ഇവ ഉൽപ്പാദിപ്പിച്ചു വിതരണംചെയ്യുക, പൊതുജനാരോഗ്യം, ശുചീകരണം, വൈദ്യസഹായം മുതലായവ ഏറ്റെടുക്കുക, മാതൃകാകൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുക, കാർഷികമൂലധനം കടംകൊടുക്കുക, ഗവേഷണശാലകൾ ഏർപ്പെടുത്തുക, തൊഴിലാളികളെ മുതലാളികളിൽനിന്നു രക്ഷിക്കുന്നതിനുവേണ്ടി നിയമങ്ങളുണ്ടാക്കുക, അഗതികളേയും നിസ്സഹായരേയും സംരക്ഷിക്കുന്നതിനുവേണ്ട ധനസഹായം ചെയ്യുക, നിർബന്ധസൗജന്യവിദ്യാഭ്യാസമേർപ്പെടുത്തുക, ഉന്നതവിദ്യാഭ്യാസംമൂലം കലാശാസ്ത്രാദികൾ പോഷിപ്പിക്കുക മുതലായവയെല്ലാം ആധുനികകാലത്തു രാഷ്ട്രം നിർവഹിക്കേണ്ട ചുമതലകളായി തീർന്നിട്ടുണ്ട്.

ആകയാൽ ആധുനിക രാഷ്ട്രീയസിദ്ധാന്തങ്ങളുടെ സരിച്ചു്, രാഷ്ട്രം ഒരു പോലീസുകാരനെപ്പോലെ ക്രമസമാധാനങ്ങൾ മാത്രം പാലിച്ചാൽപ്പോരാ. ആനിലകടന്നു്, ഒരു ധാത്രിയുടെയും ആത്മരസംരക്ഷകന്റെയും മാർഗ്ഗദർശിയുടെയും മിത്രത്തിന്റെയും തത്വോപദേഷ്ടാവിന്റെയുംചുമതലകൾകൂടിരാഷ്ട്രംവഹിച്ചുവരുന്നു. ഈ ആദർശങ്ങളുള്ള രാഷ്ട്രങ്ങളെപ്പറ്റി (Welfare States) ക്ഷേമപരിപാലനരാഷ്ട്രങ്ങൾ എന്നാണു് സാധാരണ വ്യവഹരിക്കുന്നതു്. ആകയാൽ ആധുനികരാഷ്ട്രങ്ങളെല്ലാം പൊതുജനക്ഷേമകരമായ പല നിയമങ്ങളുണ്ടാക്കി നടപ്പിലാക്കിവരുന്നു.

എന്നാൽ രാഷ്ട്രം ഇങ്ങനെ അതിന്റെ അധികാരസീമയെ ക്രമേണ വർദ്ധിപ്പിച്ചു വർദ്ധിപ്പിച്ചു്, എത്രദൂരം പോകാമെന്നുള്ളതിനെപ്പറ്റി രാഷ്ട്രീയചിന്തകന്മാരുടെ ഇടയിൽ അഭിപ്രായവ്യത്യാസമുണ്ടു്. ചിലരുടെ അഭിപ്രായത്തിൽ സകലത്തിന്റെയും ഉടമസ്ഥതയും കൈകാര്യകർത്തവ്യവും രാഷ്ട്രത്തിനുമാത്രമേ ഉണ്ടാകു

എന്നാണ്. റഷ്യയിലെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ അഭിപ്രായം ഇതാണ്. ജീവിതസ്വാതന്ത്ര്യം, ധനസമ്പാദനസ്വാതന്ത്ര്യം, അഭിപ്രായപ്രകടനസ്വാതന്ത്ര്യം, ഈശ്വരാരാധനാസ്വാതന്ത്ര്യം, സംഘടനാസ്വാതന്ത്ര്യം മുതലായി വ്യക്തികൾക്കു ചില ജന്മാവകാശങ്ങളുണ്ടെന്നും, അവയെ ലംഘിക്കുന്നതിനു രാഷ്ട്രത്തിനവകാശമില്ലെന്നും, നാം മുൻപു പ്രസ്താവിച്ചിട്ടുണ്ടല്ലൊ. ആ അഭിപ്രായത്തെ നിഷേധിക്കുന്ന ചില രാഷ്ട്രീയവാദികളുണ്ട്. അവരുടെ അഭിപ്രായം സകലതും രാഷ്ട്രത്തിൽ ലയിക്കണമെന്നും, അതിനുപരിയായി വേറെ യാതൊരു ഘടകവും ഉണ്ടായിരിക്കുവാൻ പാടില്ല എന്നുമാണ്. ദ്വിതീയ ലോകമഹായുദ്ധത്തിനു മുൻപിൽ ഇറാലിയിൽ ഭരണം നടത്തിയിരുന്ന മുസ്സോലിനിയും, ജർമ്മനിയിൽ ഭരണം നടത്തിയിരുന്ന ഹിറ്റ്ലരും, ഏറെക്കുറെ ഈ അഭിപ്രായക്കാരായിരുന്നു. അതുകൊണ്ട് അവരുടെ രാഷ്ട്രീയാദർശത്തെ (Totalitarian State) സർവ്വാധിപത്യരാഷ്ട്രം എന്നു വിളിച്ചുവരുന്നു. ഈ ആദർശവും സാക്ഷാത്തായ ജനകീയാദർശവും തമ്മിലുള്ള പോരാട്ടമത്രെ ദ്വിതീയലോകമഹായുദ്ധത്തിൽ നടന്നിട്ടുള്ളതു്. ആ പോരാട്ടത്തിൽ വിജയം പ്രാപിച്ചിട്ടുള്ളതു്, സാക്ഷാൽ ജനകീയാദർശമത്രെ. പക്ഷെ ആ ജനകീയാദർശം കേവലം അനിയന്ത്രിതമായ പഴയ വ്യക്തിസ്വാതന്ത്ര്യസിദ്ധാന്തമല്ലായിരുന്നു എന്നുള്ളതും നാം ഇവിടെ ഓർത്തിരിക്കേണ്ടതാണ്. പൊതുജനങ്ങളുടെ ക്ഷേമത്തെ ആദരിക്കുന്ന ഒരു ജനകീയാദർശമാണ് ഇപ്പോൾ പ്രാബല്യത്തിൽവന്നിരിക്കുന്നതു്. ധനവാന്മാർക്കു ദരിദ്രരെയും, മുതലാളികൾക്കു തൊഴിലാളികളെയും ചൂഷണം ചെയ്യുന്നതിനുള്ള സ്വാതന്ത്ര്യത്തെ അതു നിഷേധിക്കുന്നുണ്ട്. എങ്കിലും അതൊരിക്കലും വ്യക്തികളുടെ ജന്മാവകാശങ്ങളിൽ കൈകടത്തുവാൻ അനുവദിക്കുന്നില്ല. ഈ ആദർശത്തെ മുൻനിറുത്തിയുള്ള ദേശീയസംവിധാനനിയമങ്ങളാണ്, ഇപ്പോൾ കമ്മ്യൂണിസ്റ്റ് റഷ്യ ഒഴികെയുള്ള പരിഷ്കൃതരാജ്യങ്ങളെല്ലാം സ്വീകരിച്ചിട്ടുള്ളതു്.

കമ്മ്യൂണിസ്റ്റ് റഷ്യയിൽ വ്യക്തിസ്വാതന്ത്ര്യം പരിപൂർണ്ണമായി നിഷേധിക്കപ്പെട്ടിരിക്കുകയാണ്. അവിടെ

യുള്ള കൃഷി വ്യവസായം വാണിജ്യം മുതലായ ധനാഗമമാ ർഗ്ഗങ്ങളെല്ലാം സർക്കാരിന്റെ ഉടമസ്ഥതയിലും പരിപൂർണ്ണ നിയന്ത്രണത്തിലുമാണ് നടക്കുന്നത്. വ്യക്തികളുടെ സ്വത്തുക്കളെല്ലാം രാഷ്ട്രം പിടിച്ചെടുത്തിരിക്കുന്നു. വ്യക്തികൾക്ക്, രാഷ്ട്രീയമായോ മതപരമായോ, യാതൊരു ചിന്താസ്വാതന്ത്ര്യമോ അഭിപ്രായപ്രകടനസ്വാതന്ത്ര്യമോ, അവിടെ കൊടുത്തിരുന്നില്ല. കമ്മ്യൂണിസ്റ്റ് പാർട്ടിനേതാക്കന്മാരുടെ അഭിപ്രായങ്ങൾ സകല വ്യക്തികളും ആദരിക്കുകയും അനുവർത്തിക്കുകയും ചെയ്തുകൊള്ളണമെന്നാണ് റഷ്യയിലെ നിയമം. ഫാസിസ്റ്റ് ഇറ്റലിയിലും, നാസി ജർമ്മനിയിലും വ്യക്തിസ്വാതന്ത്ര്യം തുലോം നിയന്ത്രിക്കപ്പെട്ടിരുന്നു. പക്ഷേ കമ്മ്യൂണിസ്റ്റ് റഷ്യയിൽ അത് പരിപൂർണ്ണമായി നിഷേധിക്കപ്പെട്ടുകയാണ് ചെയ്തുവരുന്നത്.

അമേരിക്കാ, ബ്രിട്ടൻ, ഇൻഡ്യാ എന്നീ രാഷ്ട്രങ്ങളിൽ വ്യക്തിസ്വാതന്ത്ര്യം ആദരിക്കപ്പെട്ടുപോരുന്നു. മനുഷ്യരാശിയുടെ ജന്മാവകാശങ്ങളെ ബലികഴിക്കാതെതന്നെ, പൗരാവലിയുടെ ക്ഷേമപരിപാലനം, അനുനിമയി നടത്തിക്കൊണ്ടുപോകണമെന്നുള്ളതാണ്, ഇന്നത്തെ പരിഷ്കൃതലോകത്തിന്റെ ആശയഗതി. യുദ്ധാനന്തരം പരിഷ്കൃതലോകമാസകലം നടത്തിക്കൊണ്ടിരിക്കുന്ന ദേശീയസംവിധാനപദ്ധതികൾ ഈ ഉദ്ദേശ്യസാദ്ധ്യത്തിനു വേണ്ടിയുള്ളതാണ്. ആ പദ്ധതികൾ സ്വീകരിക്കപ്പെടുന്നത്, പ്രായപൂർത്തിവോട്ടവകാശത്തിന്മേൽ തിരഞ്ഞെടുക്കപ്പെടുന്ന ജനപ്രതിനിധിസഭകളിലത്രെ. അതുകയാൽ അവ ഒരിക്കലും വ്യക്തിസ്വാതന്ത്ര്യത്തെ ബലികഴിക്കുവാനിടയുള്ളതല്ല.

ചോദ്യങ്ങൾ

1. പോലീസുകാരൻ രാഷ്ട്രസിദ്ധാന്തമെന്നാൽ എന്ത്? അതിന്റെ ന്യൂനതകൾ എന്തെല്ലാം.
2. Laissez Faire എന്ന പദാവലിയിൽ അടങ്ങിയിരിക്കുന്ന ആശയത്തെ വിവരിക്കുക.
3. Welfare State എന്നാലെന്ത്? അത് നിർവഹിക്കുന്ന ജോലികളേവ?

4. ജനകീയ രാഷ്ട്രങ്ങളിൽ രാഷ്ട്രീയനിയന്ത്രണവും വ്യക്തിസ്വാതന്ത്ര്യവും തമ്മിൽ സംഘട്ടനമുണ്ടാകാതെ സൂക്ഷിച്ചുവരുന്ന വിധം വിവരിക്കുക.

അദ്ധ്യായം വ.

ഗവൺമെൻറും നികുതിപിരിവും.

1. ധനകാര്യമന്ത്രിയുടെ ജോലികൾ,

ജനകീയരാഷ്ട്രങ്ങളിലെല്ലാം ഭരണം നിർവഹിച്ചുപോരുന്നതു് മന്ത്രിസഭയാണെന്നും, മന്ത്രിസഭയുടെ നായകൻ പ്രധാനമന്ത്രിയാണെന്നും നാം ഇതിനുമുൻപു പ്രസ്താവിച്ചിട്ടുണ്ടു്. പ്രധാനമന്ത്രി കഴിഞ്ഞാൽ വളരെ അധികം പ്രമുഖതലയുള്ള വേറൊരുദ്യോഗസ്ഥനാണു് ധനകാര്യമന്ത്രി. ഓരോ ഭരണവകുപ്പിലേക്കും ആവശ്യമായ പണം മുഴുവൻ ശേഖരിച്ചു കൊടുക്കുന്ന ജോലി അദ്ദേഹത്തിനുള്ളതാണു്. ഓരോ ഡിപ്പാർട്ടുമെൻറു മേധാവിയും, അയാളുടെ വകുപ്പിലേക്കാവശ്യമുള്ള പണത്തിൻെറ കണക്കുകൾ, ആണ്ടുതോറും മുൻകൂട്ടി തയാറാക്കി ധനകാര്യമന്ത്രിയുടെ പേർക്കയക്കണമെന്നു് നിയമമുണ്ടു്. ഇങ്ങനെയുള്ള കണക്കുകൾ വന്നുചേർന്നാലുടൻ, അദ്ദേഹം അവയെ ശ്രദ്ധാപൂർവ്വം പഠിക്കുകയും, ആവശ്യമെന്നു തോന്നുന്ന വ്യത്യാസങ്ങളോടുകൂടി, അതനുവദിക്കുകയും ചെയ്യുന്നു. അതിനുശേഷം ഈ ചെലവുകൾ നിർവ്വഹിക്കുന്നതിനുവേണ്ടിവരുന്ന നികുതികൾ, അദ്ദേഹം കണ്ടുപിടിക്കുന്നു. അങ്ങനെ ചെലവിനുവേണ്ട വരവിനങ്ങൾ കണ്ടുകിട്ടിയശേഷം, അടുത്ത ആണ്ടത്തെ ആയവ്യയ ഗണനാപത്രിക, അഥവാ, ബഡ്ജറ്റു്, അദ്ദേഹം തയാർചെയ്യുന്നു. ഇങ്ങനെ തയാർ ചെയ്യപ്പെടുന്ന ബഡ്ജറ്റു്, അദ്ദേഹം, പ്രതിനിധിസഭയിൽ ഒരു ബില്ലിൻെറ രൂപത്തിൽ അവതരിപ്പിക്കുന്നു. ഈ ബിൽ, മൂന്നുതവണത്തെ വായ

നയ്ക്കുശേഷം, നിയമമായിത്തീരുന്നു. അങ്ങനെബഡ്ജറ്റ്, നിയമമായി തീർന്നാലുടൻ അതു സകല പൌരന്മാരും അനുസരിക്കേണ്ടതായി വന്നുകൂടുന്നു. ഇങ്ങനെയാണ് ജനകീയ രാഷ്ട്രങ്ങളിലേയ്ക്ക് നികുതികൾ ഈടാക്കുന്നതു്.

2. നികുതിയുടെ നിർവ്വചനം.

നികുതി എന്നതു് ഓരോ പൌരനും സർക്കാരിലേക്കു കൊടുക്കുന്ന ഒരു തുകയാണു്. ആ തുക പൌരന്മാർ കൊടുക്കുന്നതു്, സമുദായത്തിന്റെ പൊതുനന്മയ്ക്കുവേണ്ടി സർക്കാരിൽ നിന്നും ചെയ്തുകൊണ്ടിരിക്കുന്ന ഏർപ്പാടുകളുടെ ചെലവു വഹിക്കുന്നതിനു വേണ്ടിയത്രെ. ഒരു പൌരനു് പ്രത്യേകിച്ചു് സർക്കാരിൽനിന്നും യാതൊരു പ്രതിഫലവും ലഭിക്കുന്നില്ലെങ്കിലും, ഇങ്ങനെയുള്ള നികുതികൾ കൊടുക്കുന്നതിനു അവനും ബാദ്ധ്യസ്ഥനാണു്.

3. പ്രാദേശിക കരങ്ങളും സർക്കാർ കരങ്ങളും

നികുതികൾ രണ്ടുവിധത്തിലുണ്ടു്. ഓരോ നഗരസഭയും, മുനിസിപ്പൽ കരങ്ങൾ പിരിക്കുന്നതായി നമുക്കറിയാം. ഗ്രാമപ്പഞ്ചായത്തുകളും അവയുടെ അതിർത്തിക്കുള്ളിൽ കരം പിരിക്കുക പതിവാണു്. ഇവയൊക്കയും, പ്രാദേശികാവശ്യങ്ങൾ നിറവേറുന്നതിനുവേണ്ടി, അതാതു സ്ഥലങ്ങളിലെ സംഘടനകൾ, സർക്കാരിന്റെ അനുവാദത്തോടുകൂടി പൌരന്മാരിൽ നിന്നും പിരിച്ചെടുക്കുന്ന കരങ്ങളാണു്. ഇങ്ങനെ ലഭിക്കുന്ന കരങ്ങളുപയോഗിച്ചു് അതാതു സ്ഥലങ്ങളിൽ, ദീപങ്ങൾ തെളിക്കുകയും, ശുചീകരണം നടത്തുകയും, റോഡുകൾ നന്നാക്കുകയും, ശുദ്ധജലം വിതരണം ചെയ്യുകയും, മുറ്റുമാണു് ചെയ്യുവരാറുപതിവു്. അങ്ങനെയുള്ള കരങ്ങൾ ഓരോ പൌരനും സ്വമനസ്സാലെ കൊടുക്കാത്തപക്ഷം, ബലം പ്രയോഗിച്ചു് അവയെ ഈടാക്കുന്നതിനു്, പ്രസ്തുത സംഘടനകൾക്കധികാരം ലഭിച്ചിട്ടുണ്ടു്.

എന്നാൽ ഈ പ്രാദേശിക കരങ്ങൾ ക്രൂരതെ ഗവൺമെൻറിലേക്കു നേരിട്ടു കൊടുക്കേണ്ട നികുതികളുമുണ്ടു്.

അവ ഒരു രാഷ്ട്രത്തെ മൊത്തത്തിൽ ബാധിക്കുന്ന ചെലവുകൾ നിർവഹിക്കുന്നതിനുവേണ്ടിയുള്ളവയാണ്. ബാഹ്യശത്രുക്കളിൽനിന്നു രാജ്യരക്ഷ നേടുന്നതിനുവേണ്ടിയുള്ള സൈനികവ്യയങ്ങൾ, പൌരന്മാരുടെ സാമ്പത്തികയത്നങ്ങളെ സഹായിക്കുന്നതിനുവേണ്ടി ജലസേചനം, ഗതാഗതം മുതലായവ നടത്തുന്നതിനുള്ള ചെലവുകൾ, രാജ്യവ്യാപകമായ പൊതുജനോപകാര പദ്ധതികൾക്കുള്ള വ്യയങ്ങൾ, മുതലായവയ്ക്കു വേണ്ട പണമത്രയും ലഭിക്കേണ്ടതു് ഇങ്ങനെയുള്ള സർക്കാർ നികുതികളിൽ നിന്നാണ്.

4. നികുതിയുടെ ഉൾപ്പിരിവുകൾ

നികുതികളെ സാധാരണയായി പ്രത്യക്ഷം എന്നും, പരോക്ഷമെന്നും, (Direct and Indirect) രണ്ടായി വിഭജിച്ചിരിക്കുന്നു. ഇതിൽ പ്രത്യക്ഷനികുതിയുടെ ഭാരം ചുമക്കുന്നതു്, ഈ കരം കൊടുക്കുന്ന വ്യക്തി മാത്രമാണ്. ഉദാഹരണമായി ഒരു സമ്പന്നൻ കൊടുക്കുന്ന ആദായനികുതിയുടെ ഭാരം അയാൾ തന്നെയാണല്ലോ വഹിക്കുന്നതു്. അതു മറ്റാരുടേയും ചുമലിലേയ്ക്കു മാറ്റിവയ്ക്കുവാൻ അയാൾക്കു സാധിക്കുന്നതല്ല. അയാൾതന്നെ ആ നികുതി കൊടുക്കുകയും വഹിക്കുകയും ചെയ്യുന്നു എന്നു പറയാം. അങ്ങനെ ഒരാൾതന്നെ നികുതി കൊടുക്കുകയും വഹിക്കുകയും ചെയ്യുമ്പോൾ ആ നികുതിയെ പ്രത്യക്ഷനികുതി എന്നു നാമകരണം ചെയ്യുന്നു. എന്നാൽ വേറെ പല നികുതികളുടേയും സ്ഥിതി വ്യത്യസ്തമാണ്. അവ കൊടുക്കുന്ന ആളല്ലായിരിക്കും, ഒടുവിൽ ആ നികുതിയുടെ ഭാരം വഹിക്കുന്നതു്. ഉദാഹരണമായി, ഉപ്പുവ്യവസായം ചെയ്യുന്ന ആൾ ഒരു നികുതി സർക്കാരിനു കൊടുക്കേണ്ടതായിട്ടുണ്ടു്. അയാൾ അതു സ്വയം വഹിക്കുന്നില്ല. അതിന്റെ ഭാരം വഹിക്കുന്നതുമുഴുവൻ വിനിയോക്താക്കളാണ്. അതിനാൽ അതിനെ പരോക്ഷനികുതിയായി പരിഗണിക്കേണ്ടിയിരിക്കുന്നു. എന്നാൽ ചില നികുതികൾ രണ്ടിനത്തിലും പെടുത്തുന്നവരാം. ഉദാഹരണമായി, ഭൂനികുതിയുടെ കാര്യത്തെ സ്വീകരിക്കാം. ഭൂമിയുടെ ഉല്പന്നങ്ങൾ വിലയ്ക്കു വിൽക്കുമ്പോൾ, ഭൂനികുതിയുടെ ഭാരത്തിൽ ഒരം

ശം വിനിയോക്താക്കൾ വഹിക്കേണ്ടതായി വരുമെന്നുള്ള തു് തീച്ചയാണു്. പലപ്പോഴും ഈ നികുതിഭാരം മുഴുവൻ വിനിയോക്താക്കളുടെ ചുമലിലേയ്ക്കു മാറ്റിവയ്ക്കാൻ സാധിച്ചു എന്നു വരുന്നതല്ല. അതിനാലാണു് ഋനികുതി രണ്ടുംപ്പിരിവുകളിലും ഉൾപ്പെട്ടതെന്നു പറയുന്നതു്. ആകയാൽ രാജ്യഭരണം നടത്തുന്ന അധികാരകേന്ദ്രങ്ങൾ, ഓരോ നികുതികൾ നടപ്പിലാക്കുമ്പോൾ ഒരു പ്രത്യേകസംഗതി ഓത്തിരിക്കേണ്ടതാണു്. അതായതു് നികുതികൾ അവസാനമായി വഹിക്കേണ്ടിവരുന്ന ആളുകൾ അതിനു പ്രാപ്തരാണോ എന്നുള്ളതുതന്നെ.

5. പ്രത്യക്ഷനികുതിയുടെ ഗുണദോഷനിരൂപണം.

പ്രത്യക്ഷനികുതികൾക്കു പല ഗുണവശങ്ങളും ചില ദോഷവശങ്ങളുമുണ്ടു്. ആദ്യമായി ഗുണവശങ്ങളുള്ളവയെ പരിശോധിക്കാം. ഒന്നാമതായി അതിനുള്ള ഗുണം, ഒരു വ്യക്തിയുടെ വരുമാനവർദ്ധനവനുസരിച്ചു് അതിന്റെ തോതു വർദ്ധിപ്പിക്കാമെന്നുള്ളതാണു്. അങ്ങനെയുള്ള നികുതി (Progressive) പരിണാമിയാണെന്നു് സാങ്കേതികഭാഷയിൽ പ്രസ്താവിക്കാവുന്നതാണു്. വലിയ ധനികരുടെമേൽ വീഴുന്ന നികുതിഭാരത്തിന്റെ തോതു്, ചെറിയ ധനികന്മാരുടെമേൽ വീഴുന്ന ഭാരത്തിന്റെ തോതിനെ അപേക്ഷിച്ചു് കുറഞ്ഞിരിക്കണമെന്നാണു് തത്വം. നികുതിദാതാക്കന്മാരുടെ ത്രാണിയേയും, സർക്കാരിന്റെ നീതിബോധത്തേയും അടിസ്ഥാനമാക്കിയുള്ളതാണു്, ഈ തത്വം. ഇതിന്റെ രണ്ടാമത്തെ ഗുണം, ഇങ്ങനെയുള്ള പ്രത്യക്ഷനികുതികൾ വസൂലാക്കുന്നതിനു്, സർക്കാരിനു താരതമ്യേന ചെലവു കുറഞ്ഞിരിക്കുമെന്നുള്ളതാണു്. വളരെ ചെലവുചെയ്തു കരം പിരിച്ചെടുക്കുന്നതു്, സർക്കാരിനു വലിയ നഷ്ടമാണല്ലോ. പ്രത്യക്ഷനികുതിയുടെ മറ്റൊരു ഗുണം, അതിൽനിന്നുള്ള വരവു്, നിയതമാ (Certain) യിരിക്കുന്നു എന്നുള്ളതാണു്. നികുതിദായകൻ കൊടുക്കേണ്ട തുക ഇത്രയാണെന്നു് അയാൾക്കും, ഖജനാവിൽ വന്നുചേരുന്ന തുക ഇത്രയാണെന്നു സർക്കാരിനും, തീർച്ചയായിട്ടറിയാം എന്നുള്ളതു് ഒരു പ്രധാന സംഗതിയത്രെ. ഈ ഇനത്തി

ലുള്ള നികുതികൾക്കുള്ള, നാലാമത്തെ ഗുണം സ്ഥിതിഭേദക്ഷമത്വം (Elasticity) ആണ്. അതായത്, ആവശ്യമനുസരിച്ച് അവ ഉടനടി വർദ്ധിപ്പിക്കുകയോ കുറയ്ക്കുകയോ ചെയ്യാമെന്നുള്ളതത്രെ. അതിനു നികുതിയുടെ തോതുമാത്രം വ്യത്യാസപ്പെടുത്തിയാൽ മതിയാകുന്നതാണല്ലോ. അവയുടെ അഞ്ചാമത്തെ ഗുണം, അവ നികുതിദായകന്മാരിൽ പൗരബോധമുളവാക്കുന്നു എന്നുള്ളതത്രെ. രാജ്യത്തെ ഭരണവ്യയം വഹിക്കുന്ന ഓരോ വ്യക്തിക്കും രാജ്യഭരണത്തിന്റെ സുസ്ഥിതിയെപ്പറ്റി പഠിക്കുവാനും അതിന്റെ സുസ്ഥിതിക്കുവേണ്ടി പരിശ്രമിക്കുവാനും സ്വാഭാവികമായി ഒരുത്തരവാദബോധം ഉളവാകുന്നതാണല്ലോ.

എന്നാൽ ഇവയ്ക്കു ചില ദോഷവശങ്ങളും ഇല്ലാതില്ല. അവയിൽ പ്രാധാന്യമർഹിക്കുന്നത്, ഓരോ നികുതിദായകനും, ഇതുമൂലം വളരെ അസൗകര്യങ്ങൾ നേരിടുന്നു എന്നുള്ളതാണ്. അതായത്, അയാൾ വളരെ ബദ്ധപ്പെട്ട് വിശദമായ കണക്കുകൾ സൂക്ഷിക്കുകയും, പല ഗഡുക്കളിൽ ലഘുവായി ലഭിക്കുന്ന ആദായങ്ങൾക്കെല്ലാം, ആണ്ടടക്കം മൊത്തത്തുകകളായി നികുതി കൊടുക്കുകയും ചെയ്യേണ്ടിവരുന്നു. ഇതിന്റെ രണ്ടാമത്തെ ദോഷവശം, ഇതു സത്യസന്ധന്മാർക്കു ദോഷകരവും കള്ളക്കണക്കുകൾ സൂക്ഷിക്കുന്നവർക്കു ഗുണകരവുമാകാമെന്നുള്ളതാണ്. തന്മൂലം ന്യായം പറയാനുള്ള സന്നദ്ധത പല നികുതിദായകന്മാരിലും ഉളവാകുന്നു എന്നുള്ളതു് ഇതിന്റെ ഗണനീയമായ ഒരു ദോഷവശമത്രെ. പ്രത്യക്ഷ നികുതിയുടെ വേറൊരു ദോഷം, അതു കരം നിശ്ചയിക്കുന്ന ഉദ്യോഗസ്ഥന്മാരിൽ അനിയന്ത്രിതമായ അധികാരം നിക്ഷേപിക്കുന്നു എന്നുള്ളതാണ്. നികുതിയുടെ തോതു നിശ്ചയിക്കുന്നതിലും കണക്കുകളുടെ യാഥാർത്ഥ്യം വീധിക്കുന്നതിലും ഉദ്യോഗസ്ഥന്മാർ തങ്ങളുടെ ഔചിത്യം ഉപയോഗിക്കാതെ തരമില്ല. ഈ ഔചിത്യപ്രയോഗം പലപ്പോഴും അഴിമതികൾക്കു കാരണമാകാം.

മേല്പറഞ്ഞ ഗുണവശങ്ങളേയും ദോഷവശങ്ങളേയും തട്ടിച്ചുനോക്കുമ്പോൾ ഗുണവശങ്ങൾ ദോഷവശങ്ങളെക്കാൾ

ക്രൂരതലാണെന്നും നിഷ്പ്രയാസം ഗ്രഹിക്കാവുന്നതാണ്. മൊത്തത്തിൽ പറഞ്ഞാൽ പ്രത്യക്ഷനികൃതികൾക്കു വളരെ ഗുണവശങ്ങളുണ്ട്. അവ നീതിപൂർവകമാണ്; ഉർവ്യയരഹിതമാണ്; സ്ഥിതിഭേദക്ഷമമാണ്; സർവ്വോപരി ഉപരിധനോല്പാദനത്തെ തടയുന്നതുമല്ല.

6. പരോക്ഷനികൃതിയുടെ ഗുണദോഷനിരൂപണം.

പരോക്ഷനികൃതിയുടെ ഗുണവശങ്ങൾ പലതാണ്. ആദ്യമായി പറയുവാനുള്ളതു്, നിർദ്ധനവർഗ്ഗങ്ങളിൽനിന്നും നികൃതി ഇടാക്കുന്നതിനു്, അതിനുള്ള സാദ്ധ്യതകളാണ്. അവരിൽനിന്നും പ്രത്യക്ഷനികൃതി വസൂലാക്കുവാൻ പ്രയാസമാണ്. എന്നാൽ അവരും, ധനികന്മാരെപ്പോലെതന്നെ, രാഷ്ട്രത്തിന്റെ സംരക്ഷണം അനുഭവിക്കുന്നവരാകയാൽ നികൃതികൊടുക്കുന്നതിനു് ബാദ്ധ്യസ്ഥരാണ്. ഈ കാര്യത്തിൽ പക്ഷെ അഭിപ്രായഭിന്നതയുണ്ടാവാം. രണ്ടാമതായി പറയുവാനുള്ള ഗുണം, പലപല ഇനങ്ങളിൽനിന്നും നികൃതി പിരിച്ചു്, രാഷ്ട്രത്തെ പ്രബലപ്പെടുത്തുന്നതിനു്, ഇതുമൂലം സാദ്ധ്യമാകുന്നു എന്നുള്ളതാണ്. പ്രത്യക്ഷനികൃതികളുടെ വ്യാപ്തി, സങ്കുചിതമായിരിക്കയാൽ, പരോക്ഷനികൃതികളുടെ വ്യാപ്തി വിസ്തൃതമായിരിക്കുന്നു. മൂന്നാമത്തെ നീതീകരണമാർഗ്ഗം, പരോക്ഷനികൃതികൾ സുകൃമായി പിരിക്കാമെന്നുള്ളതാണ്. ചില പ്രത്യേക സാമാനങ്ങൾ കുറെശ്ശെയായിട്ടു വിനിയോകൃതാക്കൾ വാങ്ങുമ്പോഴെല്ലാം, അവർ അല്പമായി നികൃതി കൊടുക്കുകയാണെല്ലൊ ചെയ്യുന്നതു്. അപ്പോൾ അവർ അതിന്റെ പ്രയാസം അനുഭവിക്കാനിടയില്ലല്ലൊ. നാലാമതായി പ്രസ്താവിക്കാനുള്ളതു്, ഇങ്ങനെയുള്ള നികൃതിഭാരത്തിൽനിന്നും ഒഴിഞ്ഞുമാറുന്നതിനു പലർക്കും സാദ്ധ്യമല്ലെന്നുള്ളതാണ്. വ്യാജവിലനകളുടെകാര്യം ഇവിടെ വിസ്മരിക്കുന്നില്ല. പക്ഷെ അവ അപൂർവ്വവും ദുഷ്കരവുമാണെന്നു സമാധാനിക്കാം. അഞ്ചാമതായി പരോക്ഷനികൃതികൾ ക്രൂരകയോ കുറയ്ക്കുകയോ ചെയ്യുന്നതിനു വിഷമമില്ല. നികൃതികളുടെ തോതു വ്യത്യാസപ്പെടുത്തിയാൽ അതു സാധിക്കാവുന്നതാണ്. അവസാനമായി, ഇതിനു പ്രസ്താവി

ക്കാനുള്ള ഗുണം, ധനവാന്മാർ ഇഷ്ടപ്പെടുന്നതും, എന്നാൽ ഉപദ്രവകരവുമായ ആഡംബരവസ്തുക്കളുടെ വിനിയോഗം കുറയ്ക്കുന്നതിനും, ഉപയോഗപ്രദമായ സാധനങ്ങൾ വാങ്ങുന്നതിനു സമുദായാംഗങ്ങളെ പ്രേരിപ്പിക്കുന്നതിനും, ഇതു് സഹായിക്കുന്നു എന്നുള്ളതാണു്. കള്ളു്, ചാരായം, ശീമമദ്യങ്ങൾ, കറപ്പു്, ഗഞ്ചാവു് മുതലായവയെപ്പറ്റിയാണു് ഉപദ്രവകരമായ വസ്തുക്കൾ എന്നിവിടെ വിവക്ഷിച്ചിരിക്കുന്നതു്.

എന്നാൽ പരോക്ഷ നികുതിയുടെ ദോഷവശങ്ങൾ വിവിധങ്ങളത്രെ. ആദ്യമായി പറയുവാനുള്ള ദോഷവശം, അതു് ധനവാന്മാരെക്കാൾ കൂടുതലായി നിർദ്ധനരെ സ്പർശിക്കുന്നു എന്നുള്ളതത്രെ. പൗരന്മാർക്കു് അനുദിനവും ആവശ്യമുള്ള സാധനങ്ങളിന്മേൽ നികുതി ചെലുത്തിയെങ്കിലേ, ഗണ്യമായ തുകകൾ പിരിഞ്ഞുകിട്ടുവാനിടയുള്ളു എന്നും, ആഡംബരസാധനങ്ങളിൽ നിന്നുള്ള നികുതി വളരെ ലഘുവായിരിക്കുമെന്നും, ഉള്ളതാണു് പ്രബലമായ ഒരാക്ഷേപം. രണ്ടാമതായി പറയുന്ന ആക്ഷേപം, ആഡംബരസാധനങ്ങളിൽ നിന്നുള്ള നികുതികളും പ്രായേണ അനിശ്ചിതം (Uncertain) ആയിരിക്കുമെന്നുള്ളതാണു്. നികുതി അമിതമായി വർദ്ധിപ്പിച്ചാൽ അവയുടെ വിനിയോഗം ചുരുങ്ങുകയും, അതിനോടുകൂടി ഉല്പാദനം കുറയുകയും ചെയ്യാതെ നിവൃത്തി ഇല്ലല്ലോ. മൂന്നാമതായി പറയപ്പെടുന്ന ആക്ഷേപം ഈവിധ നികുതികളുടെ പിരിവു്, വളരെ വ്യയഹേതുകമാണെന്നും; പലപ്പോഴും സാക്ഷാൽ നികുതിയേക്കാൾ കൂടുതലായ ഒരു തുക വിനിയോക്തൃക്കൾ കൊടുക്കേണ്ടതായി വരുന്നു എന്നുമുള്ളതാണു്. ആദ്യമായി നികുതിഭാരം വഹിക്കുന്ന ഉല്പാദകന്മാർ, മുൻകൂർ നികുതി കൊടുക്കേണ്ടതായി വന്നു കൂടുന്നതുമൂലം, അവർ മുടക്കുന്ന പണപ്പലിശയെ ഉദ്ദേശിച്ചും, അല്ലാതെയും കൂടുതൽ നികുതി വിനിയോക്തൃക്കളിൽ നിന്നും അവർ ഈടാക്കാൻ പരിശ്രമിക്കും. ഇതു സാമുദായികമായ ഒരനീതിയാണു്.

ചോദ്യങ്ങൾ

1. ധനകാര്യമന്ത്രിയുടെ ചുമതലകൾ ഏതെല്ലാം?
2. ബഡ്ജറ്റ് തയാറാക്കുന്ന വിധം വിവരിക്കുക?
3. പ്രാദേശിക കരങ്ങളും സർക്കാർ നികുതികളും തമ്മിലുള്ള വ്യത്യാസമെന്ത്?
4. പ്രത്യക്ഷനികുതിയുടെയും പരോക്ഷനികുതിയുടെയും ഉദാഹരണങ്ങൾ കൊടുത്തു അവയുടെ ഗുണദോഷങ്ങളെ നിരൂപണം ചെയ്യുക.

അദ്ധ്യായം ൯.

പൌരന്മാർ ഭരണകൂടത്തോടു സഹകരിക്കേണ്ടവിധം.

ഒരു ജനകീയ രാഷ്ട്രത്തിൽ ഭരണം നടത്തുന്നതു്, ആ രാജ്യത്തിലെ പൌരസമുദായമാണു്. ആകയാൽ ഓരോ പൌരന്റെയും പ്രഥമവും പ്രധാനവുമായ കടമ, ഭരണയന്ത്രത്തോടു ബുദ്ധിപൂർവ്വകമായും ആത്മാർത്ഥമായും സഹകരിക്കുകയത്രെ. അതിനുവേണ്ടി അവൻ നിർവ്വഹിക്കേണ്ട കടമകളെ താഴെ പറയുന്ന ഇനങ്ങളിൽ സമാഹരിക്കാവുന്നതാണു്.

1. ആദ്യമായി ഒരു പൌരൻ നിർവ്വഹിക്കേണ്ട ചുമതല, രാജ്യനിയമങ്ങളെ അനുസരിക്കുകയാകുന്നു. പൌരന്മാർ മൊത്തത്തിൽ നിയമലംഘനം ചെയ്യുവാനൊരുമ്പെട്ടാലുള്ള പക്ഷം, രാജ്യത്തിൽ സമാധാനമുണ്ടാകുന്നതല്ല. ഒരു ജനകീയ രാഷ്ട്രത്തിൽ പാസ്സാക്കപ്പെട്ടുന്ന നിയമങ്ങളെല്ലാം, പൊതുജനപ്രതിനിധികൾ മുഖവൽകരിക്കുന്നതാണു്. ആകയാൽ അവയെ അനുസരിക്കുന്നതിനു പൌരസമുദായത്തിനു യാതൊരു വൈമനസ്യവും ഉണ്ടാകുവാനിടയുള്ളതല്ല.

പ്രസ്തുത നിയമാവലിയാണ് ഓരോ പൌരന്റെയും സ്വാതന്ത്ര്യത്തിനു നിദാനമെന്നുകൂടി പറയേണ്ടുന്നതാണ്. എന്നാൽ അനീതിയായ ചിലനിയമങ്ങളും സ്വേച്ഛാധികാരരാജ്യങ്ങളിൽ, ചില അവസരങ്ങളിൽ നിലവിലിരുന്നു എന്നുവരാം. അങ്ങനെയുള്ള നിയമങ്ങളെ നിഷേധിക്കുന്നതും, ചില പ്പോഴും, പൌരധർമ്മത്തിൽപെട്ട എന്നുവരാം. മഹാത്മാഗാന്ധിയുടെ നിയമനിഷേധപ്രസ്ഥാനങ്ങളും ഭാരതീയർക്കു സുപരിചിതമാണല്ലോ. പ്രാചീന ഗ്രീസുരാജ്യത്തിൽ ജീവിച്ചിരുന്ന സോക്രട്ടീസ് എന്ന മഹാനും, 17-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഹാംഡൻ എന്ന ബ്രിട്ടീഷു് ദേശഭക്തനും, ഇങ്ങനെ നിയമനിഷേധം ചെയ്തിട്ടുള്ള മഹാത്മാക്കളാണ്. പക്ഷേ ധാർമ്മികമായ പ്രബലകാരണങ്ങളുള്ള അവസരങ്ങളിൽ മാത്രമേ, പൌരന്മാർ നിയമനിഷേധം ചെയ്യുവാൻ പാടുള്ളൂ. "നിയമനിഷേധമെന്നു പറയുന്നതു് ഭരണഘടനയുടെ നേരെ ചെയ്യാവുന്ന ഒരു ഔഷധപ്രയോഗമായേ പരിഗണിക്കാവൂ. അല്ലാതെ അതിനെ പൌരജനങ്ങളും അവരുടെ അന്നദിനഭോജനമായി സ്വീകരിക്കുവാൻ പാടുള്ളതല്ല" എന്നു് എഡ്മണ്ഡ് ബർക്ക് (Edmund Burke) എന്ന മഹാൻ അഭിപ്രായപ്പെട്ടിരിക്കുന്നു.

2. പൌരന്മാർ അവശ്യം അനുഷ്ഠിക്കേണ്ട മറ്റൊരു കൃത്യം, ബാഹ്യശത്രുക്കളുടെ ആക്രമണങ്ങളിൽ നിന്നും തങ്ങളുടെ രാജ്യത്തെ രക്ഷിക്കുന്നതിനു വേണ്ടി, ആത്മാർത്ഥമായി സൈനികസേവനം ചെയ്യുക എന്നുള്ളതാണ്. ആകയാൽ ഇപ്പോൾ മിക്കരാജ്യങ്ങളിലും നിർബന്ധസൈന്യസേവനം നിലവിലിരിക്കുന്നു. ഈ പൌരധർമ്മം അനുഷ്ഠിക്കുന്നതിൽ ഇപ്പോൾ യാതൊരു രാജ്യക്കാരും വൈമനസ്യം പ്രദർശിപ്പിക്കാറില്ല. പക്ഷേ യുദ്ധം തന്നെ അധർമ്മമാണെന്നു വിചാരിക്കുന്ന ചുരുക്കം ചില ആളുകളുണ്ട്. അവരൊഴികെ മറ്റാരും ഇപ്പോൾ രാജ്യരക്ഷാർത്ഥം യുദ്ധസേവനം ചെയ്യുന്നതിൽ അതൃപ്തി പ്രകടിപ്പിക്കാറില്ല.

3. ഒരു പൌരൻ നിർവ്വഹിക്കേണ്ട മറ്റൊരു ധർമ്മം, രാജ്യഭരണച്ചെലവുകൾക്കത്യാവശ്യമായ നികുതികൾ കൊടുക്കുകയെന്നുള്ളതാണ്. നികുതികൾ പിരിക്കുന്നതു് രാജ്യനിയമപ്രകാരമാകയാൽ, യാതൊരു പൌരനും അതിനെ നിരാ

കരിക്കുവാൻ പാടുള്ളതല്ല. പോരെങ്കിൽ ഓരോ പൗരനും രാഷ്ട്രത്തിന്റെ സംരക്ഷണം ലഭിക്കുന്നതുമൂലം, അതിന്റെ ചെലവുകൾ വഹിക്കുന്നതിനുള്ള കടമയും അവനുള്ളതാകുന്നു. ആകയാൽ നികുതികൾ ശരിയായി കൊടുക്കുവാൻ യാതൊരു പൌരനും മടി പ്രദർശിപ്പിക്കുവാൻ പാടുള്ളതല്ല.

4. ജനപ്രതിനിധികളുടെ തിരഞ്ഞെടുപ്പിൽ സംബന്ധിക്കുകയും, യോഗ്യന്മാരായ സ്ഥാനാർത്ഥികൾക്കു വേണ്ടി വോട്ടു ചെയ്യുകയും ചെയ്യുന്നതിനു് ഓരോ പൌരനും ധാർമ്മികമായ ചുമതലയുണ്ടു്. ഓരോ പൌരനും ഇങ്ങനെ ആത്മാർത്ഥമായി വോട്ടുചെയ്യാത്തപക്ഷം, തിരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധിസഭാംഗങ്ങൾ അയോഗ്യരായി തീരുവാനിടയുണ്ടു്. പ്രമുഖരും പൊതുകാര്യപ്രസക്തരും ആയ ഒരു പൗരസഞ്ചയമുള്ള രാഷ്ട്രത്തിൽ മാത്രമേ, യഥാർത്ഥവും കാര്യക്ഷമവുമായ ജനകീയഭരണം പുലരുകയുള്ളൂ. ആകയാൽ യോഗ്യതയുള്ള പ്രതിനിധികളെ മാത്രം തിരഞ്ഞെടുക്കുന്നതിനു് പൗരന്മാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണു്. കൈക്കൂലി, സ്വജനപക്ഷപാതം, ഭീഷണി ഇവയ്ക്കു വഴിപ്പെട്ടുകൊണ്ടു തങ്ങളുടെ വോട്ടവകാശത്തെ ദുരുപയോഗിക്കുന്ന പൌരന്മാർ, തെല്ലും പൌരാവബോധമില്ലാത്ത മനുഷ്യകീടങ്ങളാണെന്നു വേണം പറയുവാൻ.

5. മേൽപ്പറഞ്ഞവക്രമാതെ ഒരു യഥാർത്ഥ പൌരൻ അനുഷ്ഠിക്കേണ്ടതായ വേറെയും പല സംഗതികളുണ്ടു്. അതായതു് സർക്കാർ ജീവനക്കാരുടെ ഔദ്യോഗിക പ്രവർത്തനങ്ങളിൽ വേണ്ട സഹായസഹകരണങ്ങൾ ചെയ്തുകൊടുക്കുവാനും അവർ ബാദ്ധ്യസ്ഥരാണു്. ഒരു ജനകീയ ഗവൺമെൻറിന്റെ ഉദ്യോഗസ്ഥന്മാർ, സാക്ഷാൽ പൊതുജനദാസന്മാരാണു്. അവരുടെ യാഥാർത്ഥമായ ഉദ്ദേശ്യം, ജനകീയഗവൺമെൻറിന്റെ നിയമങ്ങൾ നടപ്പിലാക്കുകയാണു്. അങ്ങനെ ചെയ്യുന്നതിനു് അവർക്കു പൊതുജനങ്ങളുടെ സഹായസഹകരണങ്ങൾ അത്യാവശ്യവുമാണു്. ഒരു രാജ്യത്തിലുള്ള ആ ക്രമികൾ, മോഷ്ടാക്കൾ മുതലായവരെ അമർച്ചചെയ്യുന്നതിനു വേണ്ട സഹായസഹകരണങ്ങൾ, അവിടത്തെ പ്രമുഖരായ പൌരാവലി, പോലീസുകാർക്കു മജിസ്ട്രേട്ടന്മാർക്കും ചെയ്തുകൊ

ട്ടക്കാത്ത പക്ഷം, അവിടെ ഒരു കാലത്തും സമാധാനവും ഐശ്വര്യവും ഉണ്ടാകുവാനിടയുള്ളതല്ല.

6. പൌരന്മാർ അവശ്യം അനുഷ്ഠിക്കേണ്ട മറെറാരു കാര്യംകൂടിയുണ്ട്. അത് അവർ പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളിലും രാഷ്ട്രീയ സമിതികളിലും നിസ്വാർത്ഥ സേവനം ചെയ്യണമെന്നുള്ളതാണ്. ഒരു രാഷ്ട്രത്തിൽ സ്ഥിരജോലി ചെയ്യുന്ന മിക്ക ഉദ്യോഗസ്ഥന്മാർക്കും മാന്യമായ ശമ്പളം ലഭിക്കുന്നുണ്ടാവാം. എന്നാൽ വേറെ പല ഉദ്യോഗങ്ങൾക്കും ഇപ്രകാരമുള്ള ശമ്പളം കിട്ടുവാനിടയില്ല. ഉദാഹരണമായി ഒരു നഗരസഭാധ്യക്ഷനായോ, ഗ്രാമപഞ്ചായത്തിലെ അംഗമായോ, ജോലിചെയ്യുന്ന ഒരാൾക്ക്, തുല്യയോഗ്യതയുള്ള വേറൊരു വ്യവസായിക്കോ അഭിഭാഷകനോ ലഭിക്കുന്നിടത്തോളം പ്രതിഫലം ലഭിച്ചില്ലെന്നുവരാം. എങ്കിലും അപ്രകാരമുള്ള ചുമതലയേറിയ ജോലികൾ നിർവ്വഹിക്കുവാൻ യോഗ്യതയുള്ള പൌരന്മാർ അതിനു മടി പ്രദർശിപ്പിച്ചുകൂടാത്തതാണ്.

7. മേൽപ്പറഞ്ഞവകൂടാതെയും അനേക വിധത്തിലുള്ള പൊതുജനസേവനങ്ങൾ അനുഷ്ഠിക്കുന്നതിനുള്ള സന്നദ്ധത, ഒരു യഥാർത്ഥ പൌരൻ പ്രദർശിപ്പിക്കേണ്ടിയിരിക്കുന്നു. സാമൂഹ്യജീവിതാനുഷ്ഠാനത്തിനുവേണ്ട ഒരു സൽഗുണവും കലാവിദ്യയുമാണ് പൌരത്വം (Citizenship is the art and virtue of living in a Community) എന്നു് ഒരു മഹാൻ അഭിപ്രായപ്പെട്ടിരിക്കുന്നു. ഈ സൽഗുണത്തെ കൈവരുത്തുന്നതിനും, ഈ കലാവിദ്യയെ അഭ്യസിക്കുന്നതിനും വേണ്ടി, ഒരു പൌരൻ എപ്പോഴും ഉത്സാഹിച്ചുകൊണ്ടിരിക്കണം. അയാൾ എപ്പോഴും പൊതുജനപ്രാധാന്യമുള്ള വിഷയങ്ങളെപ്പററി പഠിച്ചുകൊണ്ടിരിക്കേണ്ടതാണ്. അവയെപ്പററി നിഷ്പക്ഷമായ അഭിപ്രായങ്ങൾ രൂപവൽക്കരിക്കുന്നതിനും അയാൾ ജാഗരൂകനായിരിക്കണം. പൊതുജനനന്മയ്ക്കുവേണ്ടി സ്വാർത്ഥതാല്പര്യങ്ങളെ കൈവെടിയുവാൻ അവൻ എപ്പോഴും ശ്രദ്ധിച്ചുകൊണ്ടിരിക്കണം. സാമൂഹ്യസേവനം അവന്റെ മുദ്രാവാക്യമായിരിക്കണം. അതുമൂലം അ

വനും അവനുംപ്പെട്ട ജനസമൂഹത്തിനും വളരെ വളരെ അനുഗ്രഹങ്ങളും ലഭിക്കുന്നതാണു്.

ചോദ്യങ്ങൾ.

1. പൌരന്മാർ ഭരണകൂടത്തോടു സഹകരിക്കുവാനുള്ള ചില മാർഗ്ഗങ്ങൾ നിർദ്ദേശിക്കുക?
2. "Citizenship is the art and virtue of living in a Community" എന്ന വാക്യത്തിലടങ്ങിയിരിക്കുന്ന ആശയം വിശദമാക്കുക?

1345

1949_50_ലെ

പാഠപദ്ധതിയനുസരിച്ചുള്ള

താഴെ വിവരിക്കുന്ന വിദ്യാഭ്യാസഗ്രന്ഥങ്ങൾ
വില്പനയ്ക്കു തയാറായിരിക്കുന്നു.

		രൂ.	ണം.	സ.
I.	ഇൻഡ്യാചരിത്രവീക്ഷണം.			
	* 1_ാം വാല്യം (IV ഫാറത്തിലേക്കു്)	1	4	0
	2_ാം വാല്യം (V ഫാറത്തിലേക്കു്)	1	8	0
II.	ലോകചരിത്രവീക്ഷണം.			
	* 1_ാം വാല്യം (IV ഫാറത്തിലേക്കു്)	1	0	0
	2_ാം വാല്യം (V ഫാറത്തിലേക്കു്)	1	0	0
III.	പൌരധർമ്മപ്രകാശിക (Civics)			
	* 1_ാം വാല്യം (IV ഫാറത്തിലേക്കു്)	0	6	0
	2_ാം വാല്യം (V ഫാറത്തിലേക്കു്)	0	6	0
IV.	ധനതത്വപ്രവേശിക Part I.	1	0	0
	,, Part II.	1	4	0
	,, Part III.	2	0	0

---

* തിരുവിതാംക്കൂറിലും കൊച്ചിയിലും ഈ പുസ്തകങ്ങൾ ഉപയോഗിക്കാവുന്നതാണു്.

ഗ്രന്ഥകർത്താവിനോടു നേരിട്ടപേക്ഷിക്കുക.

കെ. ഇ. ജോബ്, എം. എ., എൽ. റ്റി.
ചങ്ങനാശ്ശേരി.